Bringing You Closer to God
LANDWAY
RNI-KERBIL/2015/62054

# ലാൻഡ്‌വേ ന്യൂസ്

10 MAY 2016

www.landwaynews.com email: landwaynews@gmail.com

Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 5 • Pages 8 • Price: Rs. 10/-

# പെന്തെക്കോസ്ത് വിശ്വാസി മലമ്പുഴയിൽ സ്ഥാനാർത്ഥി

മലമ്പുഴ : കേരളനിയമസഭാ തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ആദ്യമായി പെന്തെക്കോസ്ത് വിശ്വാസിക്ക് നിയമസഭാസീറ്റ് ലഭിച്ചു. കെ.എസ്.യു.മുൻ സംസ്ഥാനപ്രസിഡന്റും നിലമ്പൂർ പോത്തുകല്ല് ദി പെന്തെക്കോസ്ത് മിഷൻ സഭാംഗവുമായ അഡ്വ. വി. എസ്. ജോയിയാണ് മലമ്പുഴ നിയമസഭാമണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിക്കുന്നത്. സംസ്ഥാനം വളരെ കൗതുകത്തോടെ നോക്കിക്കാണുന്ന ഈ മണ്ഡലത്തിൽ പ്രതിപക്ഷനേതാവും മുൻമുഖ്യമന്ത്രിയുമായ ശ്രീ.വി.എസ്.അച്യുതാനന്ദനാണ് എൽ.ഡി.എഫിന്റെ സ്ഥാനാർത്ഥി. ഇതോടെ ഇത്തവണ നിയമസഭാ തെരഞ്ഞെടുപ്പിലെ ഏറ്റവും പ്രായം കൂടിയ സ്ഥാനാർത്ഥിയെ ഏറ്റവും പ്രായം കുറഞ്ഞ സ്ഥാനാർത്ഥി നേരിടുന്ന മണ്ഡലമായി മലമ്പുഴ മാറി. 92 വയസ്സുള്ള അച്യുതാനന്ദനെ 29 വയസ്സുള്ള വി.എസ്.ജോയി നേരിടുമ്പോൾ ഏറെ രാഷ്ട്രീയപ്രാധാന്യം ഈ തെരഞ്ഞെടുപ്പിനുണ്ട്.

ജന്മം കൊണ്ട് പാലക്കാട്ടുകാരനാണ് ജോയി. മണ്ണാർക്കാട് കരിമ്പ ഇടക്കുറിശ്ശിയിലാണ് ജനനം. എന്നാൽ പഠിച്ചതും വളർന്നതും നിലമ്പൂരാണ്. ആറ് വയസ്സ് വരെ മണ്ണാർക്കാട്ടെ തമ്പാട്ട് വീട്ടിലായിരുന്നു. എരുമമുണ്ട നിർമ്മല എച്ച്.എസ്.എസിൽ പഠിക്കുന്ന കാലത്താണ് ജോയി കെ.എസ്.യുവിൽ സജീവമാകുന്നത്. കോഴിക്കോട്ട് ലോ കോളേജിൽ നിന്നും നിയമബിരുദം നേടി. 2001 ൽ കെ.എസ്.യു ബ്ലോക്ക്



അഡ്വ. വി. എസ്. ജോയി

പ്രസിഡന്റായി. തുടർന്ന് ജില്ലാ സെക്രട്ടറി, വൈസ് പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. കഴിഞ്ഞ മൂന്ന് വർഷമായി കെ.എസ്.യു.വിന്റെ അമരക്കാരനാണ്.

മൂന്ന് തലമുറയ്ക്ക് മുമ്പ് മദ്ധ്യകേരളത്തിൽ നിന്നും കുടിയേറിയവരാണ് ജോയിയുടെ കുടുംബം. റോമൻ കത്തോലിക്കാ സമുദായമായിരുന്നു പശ്ചാത്തലം. പിതാവിന്റെ വീട് മുണ്ടക്കയം കൂട്ടിക്കലാണ്. അമ്മയുടെ വീട് ചെങ്ങന്നൂർ പാണ്ടനാടാണ്. കഴിഞ്ഞ 45 ഓളം വർഷങ്ങളായി പെന്തെക്കോസ്ത് വിശ്വാസികളാണ് ജോയിയുടെ കുടുംബം.

മലമ്പുഴയിലെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ അഭാവമാണ് ജോയി പ്രചാരണായുധമാക്കുന്നത്. അര നൂറ്റാണ്ടായി മലമ്പുഴയെ പ്രതിനിധീകരിക്കുന്ന ഇടതുപക്ഷത്തിന് ജനങ്ങളുടെ പ്രശ്നം പരിഹരിക്കാൻ സാധിച്ചിട്ടില്ലായെന്ന് ജനങ്ങൾ പറയുന്നു. കുടിവെള്ളപ്രശ്നം, റോഡുകളുടെ ശോച്യാവസ്ഥ, ഗവ.ആർട്സ് & സയൻസ് കോളേജ് ഇല്ലാത്ത ഏക മണ്ഡലം മലമ്പുഴയാണ്. വല്ലപ്പോഴും മാത്രം മണ്ഡലത്തിൽ വന്ന് പോകുന്ന വി.എസ്.അച്യുതാനന്ദൻ മണ്ഡലത്തെ അവഗണിക്കുകയാണെന്ന് ജോയിയും ആരോപിക്കുന്നു.

2001, 2006, 2011 വർഷങ്ങളിൽ മികച്ച ഭൂരിപക്ഷത്തോടെയാണ് വി.എസ്.അച്യുതാനന്ദൻ മലമ്പുഴയിൽ വിജയിച്ചത്. 1996– ൽ സി.പി.എം. സ്ഥാനാർത്ഥിയായ ടി.ശിവദാസമേനോൻ പത്തൊൻപതിനായിരത്തിൽപരം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചമണ്ഡലത്തിൽ, 2001– ൽ 4,703 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ തളച്ചിടാൻ സതീശൻ പാച്ചേരിക്ക് കഴിഞ്ഞത് ഒരു ചരിത്രമാണ്. പിന്നീട് രണ്ടു തവണ വി.എസ്. അച്യുതാനന്ദന് ഭൂരിപക്ഷം വർദ്ധിച്ചു. 2006– ൽ സതീശൻ പാച്ചേരിയെ 20,017 വോട്ടുകൾക്കും 2011– ൽ സുഭാഷിനെ 23,440 വോട്ടുകൾക്കും പരാജയപ്പെടുത്തി.

കടുത്ത വിഭാഗീയത നിലനിൽക്കുന്ന മണ്ഡലമാണ് മലമ്പുഴ. ഇതിന്റെ ഭാഗമായാണ് പിണറായി ഗ്രൂപ്പുകാരനെ പ്രചാരണ ചുമതലയിൽ നിന്ന് നീക്കി വി.എസ്.പക്ഷക്കാരനായത്. മുഖ്യമന്ത്രി സ്ഥാനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ 1996– ലെ മാരാരിക്കുളം ആവർത്തിക്കുമെന്നാണ് യു.ഡി.എഫിന്റെ കണക്കുകൂട്ടൽ. ഔദ്യോഗിക വിഭാഗം വി.എസിനെ കാലുവാരുമെന്നും അത് യു.ഡി.എഫിന് ഗുണം ചെയ്യുമെന്നും കരുതുന്നു. എസ്.എൻ.ഡി.പിക്ക് ഏറെ സ്വാധീനമുള്ള മണ്ഡലത്തിൽ വെള്ളാപ്പള്ളി നടേശന്റെ നിലപാട് നിർണ്ണായകമാണ്. വെള്ളാപ്പള്ളിക്കെതിരെ ഗണ്യമായ വിമർശനം ഉന്നയിക്കുന്ന വി.എസിനെ എതിർക്കുമെന്നും ഈഴവ സമുദായാംഗമായ ബി.ജെ.പി സ്ഥാനാർത്ഥി സി.കൃഷ്ണകുമാർ വോട്ട് പിടിക്കുമെന്നും കരുതുന്നു. ബി.ജെ.പി സംസ്ഥാന സെക്രട്ടറിയും പാലക്കാട് നഗരസഭാ വൈസ് ചെയർമാനുമായ കൃഷ്ണകുമാർ ശക്തനായ സ്ഥാനാർത്ഥിയാണ്. മണ്ഡലത്തിന്റെ പിന്നോക്കാവസ്ഥയും ജോയിയുടെ യുവത്വത്തിന്റെ പ്രസരിപ്പും നേട്ടമായി മാറുമെന്നും ന്യൂജനറേഷൻ വോട്ടർമാർ യു.ഡി.എഫിനെ പിന്തുണയ്ക്കുമെന്നും മലമ്പുഴയിൽ നടക്കുന്ന വി.എസും വി.എസും തമ്മിലുള്ള പോരാട്ടം ഏറെ ആകാംക്ഷയോടെയാണ് കേരളം ഉറ്റുനോക്കുന്നത്.

## ഗിഹോൺ തിയോളജിക്കൽ സെമിനാരി സെമിനാർ

ഡഗ്ലസ് ജോസഫ്
യു.എ.ഇ റിപ്പോർട്ടർ

യു.എ.ഇ: ഗിഹോൺ തിയോളജിക്കൽ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഫുജൈറ ടെന്നീസ് ക്ലബ്ബിൽ 'വിഷൻ ആന്റ് മിഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. പാസ്റ്റർ. ഏലിയാസ് മാത്യു മുഖ്യ പ്രഭാഷണം നടത്തി. സെമിനാരി ഡയറക്ടർ പാസ്റ്റർ.സൈമൺ വർഗീസ് അധ്യക്ഷത വഹിച്ച യോഗത്തിൽ അക്കാദമിക് ഡീൻ പ്രൊഫ.അഭിലാഷ്കുമാർ, പ്രിൻസിപ്പൽ ഷിജു സാമുവേൽ, പാസ്റ്റർ ജെയിംസ് കെ.ഈപ്പൻ, പാസ്റ്റർ. ഷാജി മാത്യൂസ്, സാജു തോമസ് എന്നിവർ പ്രസംഗിച്ചു. തിയോളജി പഠനത്തിനു ബി.റ്റി.എച്ച്, എം.ഡീവ് തുടങ്ങിയ കോഴ്സുകൾ നടത്തിവരുന്ന ഗിഹോൺ തിയോളജിക്കൽ സെമിനാരിയുടെ ഭാഗമായാണ് സെമിനാർ സംഘടിപ്പിച്ചത്.

## യു.പി.എഫ് യോഗം ഫുജൈറയിൽ

ഡഗ്ലസ് ജോസഫ്
യു.പി.എഫ് മീഡിയ സെക്രട്ടറി
ലാന്റ്‌വേ ന്യൂസ് കോർഡിനേറ്റർ

യു.എ.ഇ ലെ ഫുജൈറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പതിനഞ്ച് പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പ് ഓഫ് ഈസ്റ്റ് റീജൻ (UPFER) പാസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവരുടെ സംയുക്തയോഗം ഫുജൈറ അസംബ്ലിസഭയിൽ വച്ചുനടന്നു.

പാസ്റ്റർ ഷാജി അലക്സാണ്ടർ അധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ മോനികുട്ടൻ മുഖ്യപ്രഭാഷണം നടത്തി. യു. പി. എഫ് പ്രസിഡന്റ് ജെയിംസ് കെ ഈപ്പൻ, വൈസ് പ്രസിഡന്റ് പാസ്റ്റർ എം. വി. സൈമൺ, സെക്രട്ടറി



പാസ്റ്റർ ഷാജി മാത്യൂസ്, മീഡിയ സെക്രട്ടറി ഡഗ്ലസ് ജോസഫ്, ജോ. സെക്രട്ടറി ജിജി പാപ്പച്ചൻ, പാസ്റ്റർ ജെ. എം. ഫിലിപ്പ്, കൾച്ചറൽ സെക്രട്ടറി ക്രിസ്റ്റോ, കമ്മറ്റിയംഗങ്ങൾ കോശി ചാക്കോ, വിനയൻ, പ്രൊഫ. അഭിലാഷ് കുമാർ എന്നിവർ നേതൃത്വം നൽകി.

## ബ്രദർ അജി കുളങ്ങര ചുമതലയേറ്റു

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് മിഷൻ ബോർഡ് സെക്രട്ടറിയായി ബ്രദർ അജി കുളങ്ങര ചുമതലയേറ്റു. കഴിഞ്ഞ അഞ്ചു വർഷമായി യുവജന പ്രസ്ഥാനമായ വൈ. പി. ഇ യുടെ സെക്രട്ടറിയായി പ്രവർത്തിച്ചുവരുകയായിരുന്നു. കർമ്മരംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഇദ്ദേഹം മികച്ച സംഘാടകനവുമാണ്. ഫിലിപ്പൈൻസിലുള്ള ഏഷ്യൻ സെമിനാരി ഫോർ ക്രിസ്ത്യ മിനിസ്ട്രിസിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം സമ്പാദിച്ചിട്ടുണ്ട്. സുവിശേഷ വേലയോടുള്ള തികഞ്ഞ പ്രതിബദ്ധതയും ആത്മാർത്ഥയുമാണ് പുതിയ സ്ഥാനലബ്ദ്ധിക്കു കാരണമായത്.



കോട്ടയം വാഴൂർ സ്വദേശിയായ അജി കുളങ്ങര സ്റ്റേറ്റ് ബോർഡ് മെമ്പറും, പെന്തക്കോസ്ത്ൽ കൗൺസിൽ ഓഫ് ഇന്ത്യ മീഡിയ കൺവിനറും, ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ വാഴൂർ സഭാംഗവുമാണ്.

## ബൈബിൾ ക്ലാസുകൾ നടത്തപ്പെട്ടു

പന്തളം: ഐ.പി.സി പന്തളം സെന്ററിന്റെ കുളനട ശാലേം ചർച്ചിൽ ഏപ്രിൽ 12 മുതൽ 14 വരെ ബൈബിൾ ക്ലാസുകൾ നടത്തപ്പെട്ടു. പാസ്റ്റർ ജോൺ ജോർജ്ജ് ഉത്ഘാടനം ചെയ്യുകയും പാസ്റ്റർ എബി എബ്രഹാം ''സഭയും ഭാവി പ്രത്യാശയും'' എന്ന വിഷയത്തെക്കുറിച്ച് ക്ലാസുകൾ നയിക്കുകയും ചെയ്തു. സഹോദരന്മാരായ സണ്ണി ഫിലിപ്പ്, എം.എബ്രഹാം, പാസ്റ്റർമാരായ തോമസ് എം.റ്റി, പി.പി.രാജൻ എന്നിവർ നേതൃത്വം നൽകി.

## സംഗീതവിരുന്നും സുവിശേഷയോഗവും

തുമ്പമൺ: മാമ്പിലാലി ബെഥെസ്ദാ സഭയുടെ ആഭിമുഖ്യത്തിൽ സംഗീതവിരുന്നും സുവിശേഷയോഗവും ഏപ്രിൽ 14 മുതൽ 16 വരെ നടത്തപ്പെട്ടു. ദൈവദാസന്മാരായ ഷാജു സി. ജോസഫ്, ഷാജി എം. പോൾ, രാജേഷ് ഏലപ്പാറ എന്നിവർ ദൈവവചനം പ്രസംഗിച്ചു. പത്തനാപുരം ലോഗോസ് ഗാനശുശ്രഷകൾക്ക് നേതൃത്വം നൽകി. ബ്രദർ തോമസ് സഖറിയ, പാസ്റ്റർ സ്റ്റീഫൻ മാത്യു എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നൽകി.

**LANDWAY NEWS**

EDITORIAL BOARD

*CHIEF EDITOR:*
Santhosh Pandalam

*EDITOR:*
Sherly Santhosh

*ASSOCIATE EDITOR:*
Shiju John Samuel

*SUB EDITOR:*
Joy Varghese Elanthoor

*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

**UNITED KINGDOM**
Sam Jiji Mangalathu
**UNITED STATES OF AMERICA**
Avinash Thankachan
**AUSTRALIA**
Aaron George Mathew
**KINGDOM OF SAUDI ARABIA**
**JUBAIL**
Shibu Paippad
**RIYADH**
Daniel Eppachan
**UNITED ARAB EMIRATES**
*UAE Coordinator & Reporter*
Duglas Joseph
**AJMAN**
Anil Babu
**SHARJAH**
Das P. Vilakudy
**DUBAI**
Siby George
**RAS AL KHAIMAH**
Biji Philip
**UMM AL QUWAIN**
Abraham Thomas
**QATAR**
Biju Iverkala
**BAHRAIN**
Bose B Varghese
**BULGARIA**
Ronald Regie
**KERALA**
Shibu George
**KARNATAKA**
Paul C. Joseph
**DELHI**
C. John
**OMAN**
Sam George, Kottarakkara

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta (Dist), Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 150
USA: Dollars - 60
UK: Pounds - 30
Gulf: Rs. 3000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും തരാനാഗ്രഹിക്കുന്നവർ താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55



സന്തോഷ് പന്തളം

# ആഘോഷങ്ങൾ, അപകടങ്ങൾ, ആപത്തുകൾ

മനുഷ്യജീവൻ വിലപ്പെട്ടതും ഈ ജീവനെ സ്വന്തമായി ആർക്കും നേടാൻ കഴിയാത്തതുമായതിനാൽ നമ്മുടെ ജീവിതത്തിൽ സംഭവിക്കാൻ സാധ്യതയുള്ള വിഷയങ്ങളെ ശ്രദ്ധയോടെ ചിന്തിച്ച് മുൻകരുതലോടെ കാൽച്ചുവടുകൾ വച്ചാൽ അധികം അപകടങ്ങളിൽ ചെന്നെത്താതെ ജീവനും, സ്വത്തിനും സംരക്ഷണം നിലനിർത്താം. അപകടങ്ങൾ ആരും കരുതിക്കൂട്ടിയല്ല ചെയ്യുന്നതെങ്കിലും അപകടങ്ങളെ ഒഴിവാക്കാൻ നമുക്ക് കരുതലുകൾ ആവശ്യമല്ലേ? ലോകത്തിൽ ജീവിക്കുന്ന മനുഷ്യരെല്ലാം എന്റെയും നിങ്ങളുടെയും സഹോദരി സഹോദരങ്ങളാണ്. വിദ്യാഭ്യാസത്തിനോ, ഭംഗിക്കോ, ചിന്തകൾക്കോ പലർക്കും വ്യത്യസ്തയുണ്ട് എങ്കിലും അവരിലെല്ലാം വ്യാപരിക്കുന്ന രക്തം അത് ചുവപ്പു നിറമുള്ളതാണ്. മനുഷ്യരക്തമാണെന്ന് ചിന്തിച്ചാൽ മറ്റുള്ളവരെ നാം സ്നേഹിക്കും.

കഴിഞ്ഞ ദിവസം ഇന്ത്യാ മഹാരാജ്യത്തെ പ്രത്യേകാൽ കേരളാ ജനതയെ ദുഃഖത്തിലാക്കിയ പുറ്റിങ്ങൽ വെടിക്കെട്ട് അപകടം നമ്മുടെ കൺമുമ്പിൽ നിറഞ്ഞുനിൽക്കുകയാണ്. 110-ൽ പരം മനുഷ്യർ മരിച്ചതും 50-ൽ പരം മനുഷ്യർ ഇപ്പോഴും മരണവേദന അനുഭവിക്കുന്നതും 17-ൽ പരം മനുഷ്യരെ കാണാതായതും നാം മറന്നുപോകരുത്. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടവും അസമാധാനവും നമ്മുടെ തൊട്ടുമുമ്പിൽ നടന്നില്ലേ? ഇത് നമുക്ക് ഒഴിവാക്കാവുന്ന ആഘോഷമായിരുന്നു പക്ഷേ ഇതില്ലെങ്കിൽ എന്താഘോഷമെന്നാണല്ലോ ചിലരുടെ ചിന്താഗതികൾ.

മതസ്വാതന്ത്ര്യമുള്ള കേരളം, മാന്യതയുള്ള മനുഷ്യർ, വിദ്യാഭ്യാസത്തിൽ ഒന്നാം സ്ഥാനം, രാഷ്ട്രീയത്തെ സ്നേഹിക്കുന്നവർ. ഇതെല്ലാം മറ്റുള്ളവരുടെ നന്മകൾക്കും കൂടിയുള്ളതാണെന്ന് ചിന്തിക്കുവാനുള്ള ശരാശരി ബോധം പോലും നമുക്കില്ലാതെ പോയല്ലോ എന്നോർക്കുമ്പോൾ ദുഃഖം തോന്നുന്നു. സാക്ഷരത കേരളമേ നിനക്ക് എന്തുപറ്റി? കണ്ണുകൾക്ക് തിമിരം ബാധിച്ചുവോ?

> *വെടിക്കെട്ടുകളും, ആന എഴുന്നള്ളത്തുകളും പൊതുസ്ഥലങ്ങളിലെ ജനങ്ങൾക്ക് പ്രതികൂലമാകും വിധമുള്ള വഴിതടസ്സമുള്ള ആഘോഷങ്ങളും ശബ്ദമലിനീകരണങ്ങളും നിശ്ചയമായും നാം ഒഴിവാക്കണം.*

വെടിക്കെട്ടുകളും, ആന എഴുന്നള്ളത്തുകളും പൊതുസ്ഥലങ്ങളിലെ ജനങ്ങൾക്ക് പ്രതികൂല മാകംവിധമുള്ള വഴിതടസ്സമുള്ള ആഘോഷങ്ങളും ശബ്ദമലിനീകരണങ്ങളും നിശ്ചയമായും നാം ഒഴിവാക്കണം. സമാധാനപരമായി മനുഷ്യർ ജീവിക്കുന്ന ഇടങ്ങളിൽ അസമാധാനത്തിന്റെ വിത്തുകളെ വിതയ്ക്കുന്ന വിരുതന്മാരെ നിയമപാലകർ കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. ദൈവത്തിന്റെ പേരിൽ ചെയ്യുന്ന പലതും സ്വയബുദ്ധിയിലല്ല ചെയ്യുന്നതെന്ന് പറയുമ്പോൾ നിങ്ങൾ തെറ്റിദ്ധരിക്കരുത്. പലരും ഈ ആഘോഷത്തിൽ പങ്കെടുക്കുന്നത് മദ്യലഹരിയിൽ ആണെന്നത് തള്ളിക്കളയാൻ പറ്റാത്ത സത്യമാണ്. ദയവായി നിങ്ങൾ തന്നെ ചിന്തിച്ചു നോക്കൂ റോഡിൽ കൂടെ പോകുന്ന വാഹനങ്ങളെ മാർഗ്ഗതടസ്സം വരുത്തി തല്ലി തകർക്കുക, മാന്യമായി യാത്ര ചെയ്യുന്നവരെ അസഭ്യം പറയുക, വേണ്ടി വന്നാൽ ഉപദ്രവിക്കുക. പ്രായപൂർത്തിയാകാത്ത കൊച്ചു കുട്ടികളെ പോലും കൈയ്യേറ്റം ചെയ്യുക. ഇതൊക്കെ കേരളത്തിൽ നടക്കുന്ന നിത്യസംഭവങ്ങളാണ്. ആഘോഷങ്ങൾ അതിന്റെ മുൻകരുതലോടെ ആൾ പാർപ്പില്ലാത്ത ഇടത്തും അപകടങ്ങളെ ഒഴിവാകുന്നടത്തും നമുക്ക് നടത്തി കൂടായോ? ഇതരമതങ്ങൾ സാഹോദര്യമായി ജീവിക്കുന്ന കൊച്ചുകേരളത്തിൽ എത്രയെത്ര വെടിക്കെട്ടപകടങ്ങൾ നടന്നിട്ടുണ്ട്. ഒരു തരത്തിൽ ചിന്തിച്ചാൽ ഇത് കരുതികൂട്ടിയ കൊലപാതകമല്ലേ? അതു കൊണ്ടാണല്ലോ പന്തളത്തിനടുത്ത് കുടശ്ശനാട്ട് എത്രയെത്ര മരണം സംഭവിച്ചു. പുറ്റിങ്ങലിൽ എത്രയെത്ര ജീവൻ അപഹരിച്ചു ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ നിരത്തി വയ്ക്കാനുണ്ട്, എത്രയെത്ര പിഞ്ചുകുഞ്ഞുങ്ങൾക്ക് മാതാപിതാക്കൾ നഷ്ടപ്പെട്ടു, മാതാപിതാക്കൾക്ക് എത്രയെത്ര മക്കൾ നഷ്ടമായി. ഭാര്യാഭർത്താക്കന്മാർ അനാഥരായില്ലേ. ദേശം പലതിനും സാക്ഷിയായില്ലേ. ആർക്കെല്ലാം നാശനഷ്ടങ്ങൾ സംഭവിച്ചു, ആരുടെയെല്ലാം സ്വസ്ഥത നഷ്ടമായി.

ദയവായി ഈ നാശം വിതയ്ക്കുന്ന വെടിക്കെട്ടും, മനുഷ്യനെ ചവിട്ടി കീറുന്ന ആനപ്പരിപാടികളും സ്വസ്ഥത നഷ്ടപ്പെടുത്തുന്നവിധത്തിലുള്ള ശബ്ദമലിനീകരണവും ഇന്ത്യയിൽ നിറുത്തലാക്കണം. നാം താമസിക്കുന്ന രാജ്യത്തിലെ അധികാരികളെയും, പോലീസിനെയും, നിയമത്തെയും നാം അനുസരിച്ചില്ലെങ്കിൽ നമുക്കാർക്കും ഇന്ത്യൻ പൗരനാകുവാൻ കഴിയുകയില്ല. മറിച്ച് നിയമത്തെ അനുസരിക്കാത്തവൻ ഇന്ത്യയെ ഒറ്റിക്കൊടുക്കുന്ന ചാരനാണ് എന്ന് ഓർക്കുക. വഴിയിൽ പതിയിരിക്കുന്ന അപകടങ്ങൾ പൂർണ്ണമായി ഒഴിവാക്കുക. ഹിന്ദു, ക്രിസ്ത്യൻ, ഇസ്ലാമികർ ഒറ്റക്കെട്ടായി സമാധാനത്തിനായി കൈ കോർക്കാം നമ്മളിലുള്ള രക്തം മനുഷ്യ രക്തമാണ്. അതിന്റെ നിറം ചുമപ്പ് നിറം അത് നാം മറക്കരുത്.

Youth

# മുതിർന്നവരെ ബഹുമാനിക്കൂ, മാന്യത പ്രകടിപ്പിക്കൂ!



**ഷെറിൻ ഷേർളി സന്തോഷ്**

നമ്മുടെ എല്ലാവരുടെയും ജീവിതത്തിന്റെ അടിസ്ഥാനമായവരാണ് മുതിർന്നവർ. ഈ കാലഘട്ടത്തിലെ ഏറെക്കുറെ കുട്ടികളിലും കണ്ടുവരുന്ന ഒരു കാര്യമാണ് മറ്റുള്ളവരെ ബഹുമാനിക്കാത്തതും, അനുസരിക്കാത്തതും. എന്നാൽ ഈ കൂട്ടർ ചിന്തിക്കുന്നില്ല ഇവരും പിന്നീട് പ്രായമുള്ളവർ ആകുമെന്ന്. നാം കണ്ടുവരുന്ന ഒരു വലിയ കാര്യമാണ് നമ്മുടെ രാജ്യത്ത് അനാഥാലയങ്ങളും, വൃദ്ധസദനങ്ങളും ദിനം തോറും വർദ്ധിച്ചു വരുന്നു എന്നത്. മക്കൾക്ക് മാതാപിതാക്കളെ സംരക്ഷിക്കാൻ കഴിയുകയില്ല എന്നതാണ് ഇതിന് പ്രധാന കാരണമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ജനിപ്പിച്ചു മക്കളെ കഷ്ടപ്പാടുകൾ അറിയാതെ അവർ വളർത്തി വലുതാക്കി. ഇതൊന്നും ചിന്തിക്കുകയോ, ഓർക്കുകയോ ചെയ്യാതെ ഏതോ ചെറിയ കാരണത്തിന്റെ പേരിൽ ഒറ്റനിമിഷം കൊണ്ട് മറക്കാൻ ശ്രമിക്കുന്നു. എന്നന്നേക്കുമായി ഉപേക്ഷിക്കപ്പെടുന്നു എന്നതാണ് നഗ്നസത്യം. നാം സാവധാനത്തിൽ ഒന്നു ചിന്തിച്ചു നോക്കിയാൽ നമുക്ക് വ്യക്തമായി മനസ്സിലാകും മക്കൾക്ക് മാതാപിതാക്കൾ നൽകിയതിന്റെ ഒരംശം പോലും ബഹുമാനത്തോടു കൂടിയുള്ള സ്നേഹം തിരികെ കൊടുക്കുന്നില്ല എന്ന സത്യം നാം മറന്നുപോകരുത് (എല്ലാവരെയും അടച്ചാക്ഷേപിക്കുന്നുവെന്ന് ചിന്തിക്കരുതേ). പ്രായമാകുമ്പോൾ മക്കളായ നമുക്കും ഈ വഴിയുണ്ടെന്ന് ചിന്തിക്കുന്നത് ഇപ്പഴെ നല്ലതാണ്. നമ്മുടെ മാതാപിതാക്കളുടെ വേദനയും, ദുഃഖവും എന്തായിരുന്നു എന്നത് വരുംകാലം നമ്മെ പഠിപ്പിക്കും.

മാതാപിതാക്കളെ വേദനിപ്പിച്ചിട്ട് ജീവിതത്തിൽ ആരും സന്തോഷമായി ജീവിക്കുകയില്ല. അങ്ങനെയുള്ളവരുടെ അഗത്തളത്തിൽ മനസാക്ഷി കുത്തികൊണ്ടേയിരിക്കും. മറക്കരുത്, ദൈവം കഴിഞ്ഞാൽ ആ സ്ഥാനത്ത് നമുക്ക് കാണാൻ കഴിയുന്ന രണ്ട് പേരാണ് നമ്മുടെ മാതാവും, പിതാവും. നമ്മൾ എത്ര പാപം ചെയ്തിട്ടും ആ പാപത്തിൽ നിന്നും നമ്മളെ രക്ഷിച്ചവനല്ലെ നമ്മുടെ കർത്താവായ യേശുക്രിസ്തു. നാം യേശുവിനോട് എല്ലാം ഏറ്റുപറഞ്ഞപ്പോൾ ക്ഷമിച്ച് യേശു നമ്മെ ദൈവപൈതലാക്കിയത് നാം മറന്നുപോകരുത്. അതുപോലെ തന്നെയാണ് നമ്മുടെ മാതാപിതാക്കളും നമ്മെ സ്നേഹിച്ചു കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കുക. മക്കൾ എത്ര വലിയ തെറ്റ് ചെയ്താലും അത് ക്ഷമിക്കണേ പപ്പ, മമ്മി, എന്ന് പറഞ്ഞാൽ ക്ഷമിക്കുന്നവരാണ് നമ്മുടെ മാതാപിതാക്കൾ. 'കാക്കയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞാണ്' അതുപോലെയാണ് മാതാപിതാക്കൾക്ക് മക്കൾ എന്ന് നമുക്ക് ഓർക്കാമോ?

മാതാപിതാക്കളുടെ ഏറ്റവും നല്ല നിമിഷം അവർ സന്തോഷത്തോടെ മനസ്സ് തുറന്ന് നമ്മുടെ മുമ്പിൽ ചിരിക്കുമ്പോഴാണ്. വെറും ചിരിയല്ല. മക്കൾ ആ ചിരിയ്ക്ക് കാരണമാകുമ്പോഴാണ്. അവരുടെ ഒരു ചിരിയ്ക്ക് കാരണക്കാർ നമുക്കാകാമോ? അതുപോലെ തന്നെയാണ് മക്കൾ മറ്റുള്ളവരെ ബഹുമാനിക്കുമ്പോഴും, സ്നേഹിക്കുമ്പോഴും മാതാപിതാക്കൾക്ക് അതിയായ സന്തോഷമുളവാക്കുന്നത്.

നാം നല്ല പ്രവൃത്തികൾ മാത്രം ചെയ്യുക, മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കുക, മുതിർന്നവരെ ബഹുമാനിക്കുക. ഇതൊക്കെ ആയിരിക്കണം ജീവിതത്തിൽ ആദ്യം നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. നമ്മെ സ്നേഹിക്കാത്തവരെ നാം സ്നേഹിക്കുക, ആരെക്കൊണ്ടും വേണ്ടാത്തത് പറയിപ്പിക്കാതിരിക്കുവാൻ അവനവന്റെ വ്യക്തിത്വം അവനവൻ കാത്തു സൂക്ഷിക്കുക. ഇംഗ്ലീഷിൽ ഇങ്ങനെയൊരു പഴഞ്ചൊല്ലുണ്ട്.

**"If WEALTH is lost nothing is lost,**
**If HEALTH is lost something is lost,**
**If CHARACTER is lost everything is lost"**

വ്യക്തിത്വം നഷ്ടപ്പെട്ടാൽ ജീവിതത്തിൽ മറ്റ് എന്തുണ്ടെങ്കിലും അത് ശൂന്യമാണ്. അതിനാൽ നല്ല പാതയിൽ കൂടി ജീവിച്ച് ദൈവത്തോട് പ്രാർത്ഥിച്ച് ജീവിതത്തെ കാത്തു സൂക്ഷിക്കുക. മുതിർന്നവരെ ബഹുമാനിക്കുക, സ്നേഹിക്കുക, ആദരിക്കുക. സ്നേഹം ദീർഘമായി ക്ഷമിക്കുന്നു, ദയ കാണിക്കുന്നു. ഇത് നമ്മുടെ അനുദിന പ്രവർത്തന മേഖലയായി തീരട്ടെ.


*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE
Visual media
09447255475, 09447370979



Wedding Photography & Video Graphy
Direction: HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...



# കണ്ണുകളുടെ രഹസ്യം



ഡെൽസി ജോസഫ്
ഫുജൈറ

നമ്മുടെ സൃഷ്ടാവും കർത്താവുമായ യേശുക്രിസ്തു നമുക്ക് നൽകിയിരിക്കുന്ന പ്രധാനപ്പെട്ട അവയവങ്ങളിൽ ഒന്നാണ് കണ്ണുകൾ! അവ ഇല്ലെങ്കിൽ നമ്മുടെ കർത്താവായ യേശു നമുക്ക് ചുറ്റും ചെയ്തിരിക്കുന്ന അത്ഭുതകരവും മഹത്തരവുമായ കാര്യങ്ങൾ കാണാനും ആസ്വദിക്കാനും സാധിക്കയില്ലായിരുന്നു. പഴമൊഴി പറയുന്നതുപോലെ, 'നമുക്കു ചുറ്റും ഉള്ള വസ്തുക്കളുടെ വില നാം അറിയുന്നതും മനസ്സിലാക്കുന്നതും അവ ഇല്ലാതിരിക്കുകയോ, നഷ്ടപ്പെടുകയോ ചെയ്യുമ്പോൾ ആയിരിക്കും'. അതുവരെ അവയുടെ മൂല്യവും മാഹാത്മ്യവും പ്രാധാന്യവും നാം ചിലപ്പോൾ ശ്രദ്ധിക്കാതെ മറന്നു പോകും. നല്ല കാഴ്ച ഉള്ളിടത്തോളം കണ്ണുകളുടെ സൗന്ദര്യം പ്രാധാന്യം എന്നിവയെക്കുറിച്ച് നാം ബോധവാന്മാർ ആയിരിക്കില്ല. അതേ സമയം കണ്ണുകളെക്കുറിച്ച് ഒരു അന്ധനോട് ചോദിച്ചാൽ അവന് അതിന്റെ യഥാർത്ഥ മൂല്യത്തെക്കുറിച്ച് പറയാൻ കഴിയുകയും, കണ്ണുകളുള്ള നമുക്ക് സാധിക്കാത്ത അത്രയധികം ഉത്സാഹത്തോടെ അത് പറയുകയും ചെയ്യും.

**മനുഷ്യന്റെ കണ്ണുകളുടെ രഹസ്യം വേദപുസ്തകത്തിൽ**

നിങ്ങൾ ഒരു പക്ഷെ നിങ്ങളോടു തന്നെ ഇപ്പോൾ ഒരു ചോദ്യം ചോദിക്കുന്നുണ്ടാകും 'മനുഷ്യന്റെ കണ്ണുകളെക്കുറിച്ച് ഇത്രവലിയ രഹസ്യം എന്താണ് വേദപുസ്തകത്തിൽ ഉള്ളത്' താഴെ കൊടുത്തിരിക്കുന്ന രസകരമായ വാക്യം ഒന്ന് പരിശോധിക്കാം.

'നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിനു എന്റെ കണ്ണുകളെ തുറക്കേണമേ' (സങ്കീ.119:18).

ദൈവവചനത്തിൽ നിന്നും അത്ഭുതകരമായ കാര്യങ്ങളെ കാണത്തക്കവണ്ണം കണ്ണുകളെ തുറക്കണം എങ്കിൽ, മേൽപറഞ്ഞ വാചകം നമ്മുടെ മുഖത്ത് കാണപ്പെടുന്ന നഗ്നവും ഭൗതികവുമായ കണ്ണുകളെക്കുറിച്ച് അല്ല സൂചിപ്പിക്കുന്നത് എന്ന് ഊഹിക്കാം.

നമ്മുടെ കണ്ണുകളെക്കുറിച്ച് വേദപുസ്തകത്തിൽ മറ്റൊരു വാക്യം നമുക്ക് പരിശോധിക്കാം.

'നിങ്ങൾക്ക് തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിനും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട് അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും' (എഫെസ്യർ 1:18).

മേൽപറഞ്ഞ വാക്യത്തിൽ, അപ്പൊസ്തലനായ പൗലോസ് എഫേസോസിലുള്ള സഭയ്ക്കു വേണ്ടി അവരുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിക്കേണമേ എന്ന് പ്രാർത്ഥിക്കുകയാണ്. ഈ വാക്യത്തിലെയും കണ്ണുകളെക്കുറിച്ചുള്ള സൂചന, നമ്മുടെ മുഖത്ത് സാധാരണ കാണപ്പെടുന്ന നഗ്നവും ഭൗതികവുമായ കണ്ണുകളെക്കുറിച്ച് അല്ല എന്നത്.

മനുഷ്യരുടെ മുഖത്തു കാണുന്ന രണ്ടു കണ്ണുകളല്ലാതെ മറ്റ് കണ്ണുകൾ ഉണ്ടോ? ഒരു മനുഷ്യന് അപ്പോൾ എത്ര കണ്ണുകളാണുള്ളത്?

താഴെ കൊടുത്തിരിക്കുന്ന രണ്ടു വാക്യങ്ങൾ കൂടെ നോക്കാം.

'അൽപ കാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു? സർവ്വ ഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഈ ഏഴു കണ്ണ് സെരുബാബേലിന്റെ കയ്യിലുള്ള തൂക്കു കട്ട കണ്ട് സന്തോഷിക്കുന്നു'(സെഖര്യാവ് 4:10).

'ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ (യേശു) നിൽക്കുന്നതു കണ്ടു. അതിന് ഏഴു കൊമ്പും സർവ്വ ഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴ് ദൈവാത്മാക്കൾ ആയ ഏഴ് കണ്ണുമുണ്ട്' (വെളിപ്പാട് 5:6).

മുകളിൽ കൊടുത്തിരിക്കുന്ന രണ്ടു വാക്യങ്ങളിലും ഉള്ള രസകരമായ കാര്യം, നമ്മുടെ കർത്താവിന് ആത്മീയമായ അർത്ഥത്തിൽ, ഏഴ് കണ്ണുകൾ ഉണ്ട് എന്നതാണ് (അക്ഷരാർത്ഥത്തിൽ എടുക്കാനുള്ളതല്ല).

ചെറുപ്പം മുതലേ നമുക്കുള്ള ധാരണ, കർത്താവിന് സാധാരണ പോലെ രണ്ടു കണ്ണുകളാണ് ഉള്ളതെന്നാണ്. എന്നാൽ കർത്താവിന് കണ്ണുകൾ ഏഴ് ആണ് ഉള്ളതെങ്കിൽ, ഒരു മനുഷ്യന് എത്ര കണ്ണുകൾ ആണ് ഉണ്ടായിരിക്കുക? രണ്ടോ അതിലധികമോ?

മനുഷ്യനെ സൃഷ്ടിച്ചത് ആറാം ദിവസം ആയതിനാൽ, മനുഷ്യന് ആറ് ഇന്ദ്രിയങ്ങൾ ഉള്ളതിനാൽ (ഇത് വൈദ്യശാസ്ത്രം തെളിയിച്ചിട്ടുണ്ട്). മനുഷ്യന്റെ ശരാശരി ഉയരം ആറ് അടി ആയതിനാൽ, മനുഷ്യന് കണ്ണുകൾ രണ്ടല്ല, ആറ് ആണ് ഉണ്ടായിരിക്കേണ്ടത്. ഞെട്ടിപ്പിക്കുന്ന അറിവായിരിക്കുന്നു അല്ലേ?

സങ്കീർത്തനങ്ങൾ 119:18, എഫേസ്യർ 1:18 എന്നിവ സൂചിപ്പിക്കുന്നത് നമ്മുടെ മുഖത്ത് സാധാരയണയുള്ള രണ്ടു കണ്ണുകളുടെ കാര്യമല്ല എന്നു വ്യക്തമാകുന്നു. കൂടാതെ മനുഷ്യർക്ക് രണ്ടിൽ കൂടുതൽ കണ്ണുകൾ ഉണ്ടായിരിക്കണം എന്ന് ഉൽപ്പത്തി മുതൽ വെളിപാട് വരെ അന്വേഷണ പഠനം നടത്തുമ്പോൾ മനസ്സിലാകയും, അത് താഴെക്കൊടുത്തിരിക്കുന്ന വിധം മൂന്ന് ജോഡികളായി ആറ് കണ്ണുകൾ ആണെന്ന സത്യം തെളിയുകയും ചെയ്യുന്നു.

എ). ഒരു ജോടി നമ്മുടെ ജഡീകമായ കണ്ണുകൾ (അവ നമ്മുടെ മുഖത്ത് കാണപ്പെടുന്നു).

ബി). ഒരു ജോടി നമ്മുടെ പ്രാണന്റെ കണ്ണുകൾ (മനുഷ്യന്റെ ആത്മാവ് എന്നത് മനുഷ്യരുടെ വാക് പ്രയോഗ സംവിധാനമാണ് നാം സംസാരിക്കുന്നത്).

സി). ഒരു ജോഡി നമ്മുടെ പ്രാണന്റെ കണ്ണുകൾ (മനുഷ്യന്റെ പ്രാണൻ എന്നത് മനുഷ്യരുടെ വാക് പ്രയോഗ സംവിധാനമാണ് നാം സംസാരിക്കുന്നത്).

**ജഡീകമായ കണ്ണുകൾ:**

നാം സാധാരണയായി ലോകത്തിലെ ചുറ്റുപാടുകളെ കാണാൻ ഉപയോഗിക്കുന്നത് ജഡീകമായ കണ്ണുകൾ ആണ്. ഈ കണ്ണുകൾ കൊണ്ട് ഭൗതികമായ കാര്യങ്ങൾ അത്രെ കാണാൻ കഴിയുന്നത്.

എന്നാൽ ഗൗരവതരവും ദുഃഖകരവുമായ സത്യം ഇതാണ്. ഈ കണ്ണുകളെ നാം ചീത്ത ഉദ്ദേശ്യത്തോടുകൂടി ഉപയോഗിക്കുമ്പോൾ, അവ നമ്മുടെ ഹൃദയത്തിൽ തെറ്റായ തീരുമാനങ്ങൾ ഉളവാക്കും, തുടർന്ന് മനസ്സിൽ തെറ്റായ ചിന്തകളും, വായിൽ തെറ്റായ വാക്കുകളും, അന്തിമമായി തെറ്റായ പ്രവൃത്തികളും, ചെയ്യാൻ നാം പ്രേരിതരാകുകയും ചെയ്യും.

അതിനാൽ നമ്മുടെ ജഡീക കണ്ണുകളെ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ച് നാം അതീവ ശ്രദ്ധാലുക്കളായിരിക്കണം. പ്രത്യേകിച്ച് 1 യോഹന്നാൻ 2:16 - ൽ സൂചിപ്പിച്ചിരിക്കുന്ന കൺമോഹം എന്ന അപകട ത്തിലേക്ക് വഴുതി വീഴാതിരിക്കാൻ.

കൺമോഹം നമ്മെ എങ്ങനെ തെറ്റായ മാർഗ്ഗത്തിലേക്കും നാശത്തിലേക്കും നയിക്കും എന്നതിന്റെ ഒരു നല്ല ഉദാഹരണം പരിശോധിക്കാം: ഉൽപത്തി പുസ്തകം 13 - ൽ പറഞ്ഞിരിക്കുന്നതുപോലെ അബ്രഹാമും ലോത്തും വേർപിരിഞ്ഞ് അവരവരുടെ സ്വന്തം കുടുംബങ്ങളോടുകൂടെ താമസിക്കാൻ നിർബന്ധിതരായപ്പോൾ, അബ്രഹാം ലോത്തിനോട് പറയുന്നു 'നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പൊയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം' (ഉൽപത്തി 13:9). 'അപ്പോൾ ലോത്ത് നോക്കി യോർദ്ദാന്നരികെയുള്ള പ്രദേശം ഒക്കെയും' (സോദോം, ഗോമോറ എന്നിവ) നീരോട്ടമുള്ളത് എന്ന് കണ്ടു (ഉൽപത്തി 13:9). അങ്ങനെ ലോത്തിന് ആ പ്രദേശം ഏദൻ തോട്ടം പോലെ നീരോട്ടമുള്ളതും സന്തോഷപ്രദവും ആയി തോന്നി. അപ്രകാരം തന്റെ കൺമോഹത്തിന് വശംവദനായി ലോത്തും കുടുംബവും 'സോദോം - ഗോമോറ' പ്രദേശത്തേക്ക് പോയി.

ചിന്തിക്കുക, കൺമോഹത്തിന് അനുസരിച്ച് യാത്ര ചെയ്യാൻ ലോത്ത് തന്നെത്തന്നെ അനുവദിച്ചപ്പോൾ, അയാളുടെ അന്ത്യം എന്തായിത്തീർന്നു? അതേ ഭൂപ്രദേശം ദുഷ്ടതയുടെ ഫലമായി പിന്നീട് ദൈവത്താൽ നിയോഗിക്കപ്പെട്ട അഗ്നിയാൽ നശിപ്പിക്കപ്പെട്ടു. അയാളുടെ ഭാര്യ പിന്നീട് ഉപ്പു തൂൺ ആയിപ്പോയി, അങ്ങനെ ദുരന്തങ്ങളുടെ പട്ടിക നീണ്ടു പോകുന്നു.

മത്തായി 6:22, 23 വരെയുള്ള വാക്യങ്ങളിൽ യേശു കണ്ണുകളെക്കുറിച്ച് നമ്മെ പഠിപ്പിക്കുമ്പോഴും നമുക്ക് മുന്നറിയിപ്പ് നൽകുന്നതും ഇതുതന്നെയാണ്,

'ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു; കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണു കേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുളായാൽ ഇരുട്ടു എത്ര വലിയത്'.

തെറ്റായ ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് കണ്ണുകളെ നാം ഉപയോഗിക്കുന്നത് എങ്കിൽ അവയെ ചൂന്ന് എടുത്ത് കളയാൻ വരെ വേദപുസ്തകം നമ്മെ ഉപദേശിക്കുന്നു. ഇതിനു കാരണം, തെറ്റായ ലക്ഷ്യങ്ങൾക്കു വേണ്ടിയാണ് നാം കണ്ണുകളെ ഉപയോഗിക്കുന്നത് എങ്കിൽ, നമ്മുടെ ശരീരം മുഴുവനും ഇരുട്ടു നിറഞ്ഞതായിത്തീരുകയും ക്രമേണ അത് നമ്മെ നിത്യ നരകത്തിലെ കെടാത്തതീക്കടലിൽ എത്തിക്കുകയും ചെയ്യും (മത്തായി 5:29).

# എല്ലാവരും അങ്ങനെയാ പിന്നെന്താ എനിക്ക്?



ജെ. പി. വെണ്ണിക്കുളം

**ഈ തലമുറകളുടെ പോക്ക് എങ്ങോട്ടാണ്? നിങ്ങൾക്ക് ഇവരെക്കുറിച്ച് ഒരു വിചാരവുമില്ലേ? അതോ മക്കൾ മിടുക്കരാണെന്ന് ഇപ്പോഴും ചിന്തിച്ചിരിക്കുകയാണോ?**

അടുത്തയിടെ കേരളത്തിനു വെളിയിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന ഒരു വിദ്യാർത്ഥിയെ പരിചയപ്പെട്ടു. ഞാൻ ഒരു യൂത്ത് കൗൺസിലർ ആണെന്ന് പരിചയപ്പെടുത്തിയപ്പോൾ തന്നെ ആ വിദ്യാർത്ഥി പേടിച്ചുപോയി. കൗൺസിലറിനോട് ചങ്ങാത്തം കൂടുന്നത് ശരിയല്ലെന്നും അവർക്ക് എല്ലാം മനസ്സിലാകുമെന്നുമായിരുന്നു ആ വ്യക്തി പറഞ്ഞത്. ഏതായാലും എന്നോട് ചങ്ങാത്തം കൂടാനുള്ള മടി എങ്ങനെയോ മാറികിട്ടി.

ക്യാമ്പസ് വിശേഷങ്ങളെക്കുറിച്ചും ആത്മീയ ജീവിതത്തെക്കുറിച്ചും ഞാൻ ചോദിച്ചു. നാട്ടിലെ ഒരു പ്രമുഖ പാരമ്പര്യ പെന്തെക്കൊസ്ത് സഭയിലെ അംഗമാണ്. വളരെ നല്ല ശിക്ഷണത്തിലാണ് വളർന്നത്. പഠിക്കാൻ സമർത്ഥൻ. നാട്ടിൽ അത്യാവശ്യം പേരുണ്ട്. ചില വർഷങ്ങൾക്കു മുൻപ് അന്യസംസ്ഥാന ത്തിലേക്ക് പോകുമ്പോൾ ഏറെ പ്രതീക്ഷകളായിരുന്നു. അവിടെ ചെന്നുകഴിഞ്ഞു സ്ഥിതിമാറി. നല്ല ഉഗ്രൻ സുഹൃത്തക്കളെയാണ് കിട്ടിയത്. അവർ പരസ്പരം അഭിവാദ്യം ചെയ്യുന്നതുതന്നെ തെറിവിളി ച്ചുകൊണ്ടാണെന്നത് നടുക്കത്തോടെയാണ് കേട്ടത്. കൂട്ടിൽ നിന്നും പുറത്തുപോയ തത്തയെപ്പോലെ കിട്ടിയ സ്വാതന്ത്ര്യം ഉപയോഗിക്കുന്നു. ആരും ചോദിക്കാൻ ഇല്ലയോ? വർഷങ്ങളായി ഒരിക്കൽ പോലും ചർച്ചിൽ പോയിട്ടില്ല. ഹോസ്റ്റലിൽ നിന്നു വിടില്ല എന്നാണ് ആദ്യം പറഞ്ഞത്. എന്നാൽ പിന്നീട് മനസ്സിലായി 'വിട്ടാലും പോകില്ല'. ആരോടാണ് പകതീർക്കുന്നത് എന്ന എന്റെ ചോദ്യത്തിന്, ആരോടുമുള്ള വാശിയല്ല. ഞാൻ ചെയ്തുകൂട്ടിയ പാപം നോക്കിയാൽ ചർച്ചിൽ പോകാൻ തോന്നുന്നില്ല. അവിടെങ്ങാനും പാസ്റ്റർമാർ തന്റെ പാപജീവിതത്തെ വെളിപ്പെടുത്തിയാൽ പെട്ടുപോകില്ലേ? ഏതു കാര്യത്തിനും കള്ളം പറയുകയും അസഭ്യവർഷം ചൊരിയുകയും തല്ലു കൂടുകയും ലഹരി ഉപയോഗിക്കുകയും വഴിവിട്ട കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്ന തനിക്കു ദൈവം എന്ന് കേട്ടാൽ തന്നെ ഇപ്പോൾ ഭയമാണ്. അല്ലയോ മാതാപിതാക്കളെ, നിങ്ങളിൽ പലരുടേയും കുട്ടികളുടെ അവസ്ഥ ഇങ്ങനെയാണ്. അന്യസംസ്ഥാനങ്ങളിലേക്ക് പഠനത്തിനായി പ്രാർത്ഥിച്ചു അയയ്ക്കുമ്പോൾ ഏറെ പ്രതീക്ഷകളായിരുന്നു. എന്നാൽ പുറമേ ആത്മീയത അഭിനയിച്ചു കാണിക്കുന്ന ഇവർ ചെയ്യുന്നത് പലതും അറിയണമെങ്കിൽ അവർ പഠിക്കുന്ന സ്ഥാപനത്തിൽ ചെല്ലണം. സൗഹൃദം നല്ലതാണ്. അതിനെ തെറ്റായ കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നത് ദോഷകരമാണ്. പഠനാവശ്യങ്ങൾക്കു അയച്ചു കൊടുക്കുന്ന പണം ധൂർത്തടിക്കുമ്പോൾ നിങ്ങൾ അറിയാറില്ല. പിന്നീട് പണം ആവശ്യം വരുമ്പോഴൊക്കെ പലരും ശരീരം കാഴ്ചവയ്ക്കാനും മടിക്കുന്നില്ല.

ഈ തലമുറകളുടെ പോക്ക് എങ്ങോട്ടാണ്? നിങ്ങൾക്ക് ഇവരെക്കുറിച്ച് ഒരു വിചാരവുമില്ലേ? അതോ മക്കൾ മിടുക്കരാണെന്ന് ഇപ്പോഴും ചിന്തിച്ചിരിക്കുകയാണോ? തിരക്കേറിയ ജീവിതത്തിനിടയിൽ അവരെ അന്വേഷിക്കാൻ നിങ്ങൾക്ക് സമയമില്ലെങ്കിൽ പിന്നീട് ദുഖിക്കേണ്ടി വരും. അരുതാത്തത് പലതും അവരുടെ ജീവിതത്തിൽ സംഭവിച്ചു കഴിഞ്ഞിട്ട് ദുഃഖിച്ചിട്ട് എന്ത് കാര്യം? അവരെ ഓർത്തു പ്രാർത്ഥിക്കുക. ക്ഷേമങ്ങൾ അന്വേഷിക്കുക. അവരുടെ എല്ലാത്തരം ഇടപാടുകളെക്കുറിച്ചും നാം അറിഞ്ഞിരിക്കണം. എന്റെ മക്കൾ തെറ്റിപോകില്ല എന്ന് അന്ധമായി വിശ്വസിച്ചാൽ നിങ്ങൾക്ക് തെറ്റി. അവർ നിങ്ങൾക്ക് പ്രിയരാണ്. ദൈവ വഴിയിൽ നടക്കേണ്ട അവരെ പിശാചു പന്താടുന്നത് മറന്നു പോകല്ലേ?

# പാസ്റ്റർ സണ്ണി ഫിലിപ്പ് ഐ.പി.സി. ക്ക് വേറിട്ടൊരു മുഖം

തയ്യാറാക്കിയത്:
സന്തോഷ് പന്തളം



പാസ്റ്റർ സന്തോഷ് പന്തളവും പാസ്റ്റർ സണ്ണി ഫിലിപ്പും

## ബാല്യകാലം

കേരളത്തിലെ ചെങ്ങന്നൂരിന് അടുത്ത് കാടുവെട്ടൂർ കുടുംബത്തിലെ കോളയിൽ തോമസ് ഫിലിപ്പ് ഏലിയാമ്മ ദമ്പതികളുടെ 4 മക്കളിൽ ഒരുവനായി സണ്ണി ഫിലിപ്പ് 1955-ൽ ജനിച്ചു. ക്രൈസ്തവരുടെ കുടുംബയോഗങ്ങളിൽ ആർക്കും മാറ്റിനിർത്താൻ കഴിയാത്ത കുടുംബമാണ് കാടുവെട്ടൂർ കുടുംബം. ഈ കുടുംബത്തിലെ പലരും കാലാകാലങ്ങളിൽ പലയിടങ്ങളിൽ മാറി താമസിക്കുന്നതിനോടൊപ്പം തന്റെ കുടുംബവും മലയോര പ്രദേശമായ റാന്നിയിലേക്ക് മാറി താമസിക്കുവാനിടയായി. ഇപ്പോഴും കാടുവെട്ടൂർ കുടുംബത്തെ ഓർത്ത് അഭിമാനം കൊള്ളുന്നു.

## വിദ്യാഭ്യാസം

കൊറ്റനാട് എസ്.സി.വി.എച്ച്.എസിൽ സ്കൂൾ വിദ്യാഭ്യാസം പ്രീഡിഗ്രിയും ബി.എസ്.സി കെമസ്ട്രിയും റാന്നി സെന്റ് തോമസ് കോളേജിൽ പൂർത്തീകരിച്ചു. പഠനത്തിലും സ്വഭാവസവിശേഷതകളിലും മികവ് തേടിയ താൻ കുടുംബാംഗങ്ങൾക്കും ദേശവാസികൾക്കും അഭിമാനമായി നിലനിന്നിരുന്നു. 1983-ൽ അമേരിക്കയിലെ പോളി ടെക്നിക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും കെമിക്കൽ എഞ്ചിനീയറിംഗ് ബിരുദമെടുത്തു. ട്രിനിറ്റി കോളേജിൽ നിന്നും എം.എ പാസായി ജോലിയിൽ പ്രവേശിച്ചു. ഫ്രീഡം തിയോളജിക്കൽ സെമിനാരി (ആർക്കസൻസെൻസ് അമേരിക്ക) യിൽ പഠിക്കുവാനും ഹോണററി ഡോക്ടറേറ്റ് എജ്യൂക്കേഷൻ നൽകിയും മാനിച്ചു. ദൈവം നൽകിയ നന്മകൾ അഭിമാനമായി താൻ കരുതുന്നു.

## ആത്മീയത

1963-ൽ രക്ഷിക്കപ്പെട്ട് 1968-ൽ സ്നാനമേറ്റ് 1973-ൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറഞ്ഞു. ചെറു പ്രായത്തിലെ കർത്താവിന്റെ വേലയോടുള്ള സമർപ്പണം ഉള്ളതിനാൽ വിവിധ വേളകളിൽ ദൈവത്തിന് വേണ്ടി ഉപയോഗിക്കുവാൻ ദൈവം കരങ്ങളിൽ തന്നെ എടുത്തു. വിവാഹത്തോടുള്ള ബന്ധത്തിൽ അമേരിക്കയിലേക്ക് പോയതിനാൽ അവിടെയുള്ള വിവിധ സ്ഥലങ്ങളിൽ ദൈവവേലയ്ക്ക് കൈതാങ്ങ് കൊടുത്തു. ചെറിയ ആരംഭത്തെ തുച്ഛീകരിക്കാത്ത ദൈവം തന്റെ സമർപ്പണത്തെ കണ്ട് വിശ്വസ്തൻ എന്ന് എണ്ണി ന്യൂയോർക്കിന്റെ പ്രധാന ഭാഗത്ത് വളരെ വിശാലതയോടുകൂടി കെട്ടിടങ്ങളും അതിനോടനുബന്ധിച്ചുള്ള മറ്റെല്ലാ സാഹചര്യങ്ങളും ദൈവം നൽകി മാനിച്ചു.

## സഭാപ്രവർത്തനത്തിൽ ഊന്നൽ നൽകുന്നു

കേരളത്തിൽ ഐ.പി.സി റാന്നി സെന്ററിലെ പി.വൈ.പി.എയുടെ സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് അമേരിക്കയിലേക്ക് പോകുവാനുള്ള അവസരം ദൈവം നൽകിയത്. 1981-ൽ ന്യൂയോർക്കിൽ പി.വൈ.പി.എ. അമേരിക്ക എന്ന പ്രസ്ഥാനം തുടങ്ങുവാൻ ദൈവം തന്നെ ഉപയോഗിച്ചു. ഇതിന്റെ പ്രസിഡന്റായി 3 വർഷം സേവനം അനുഷ്ഠിക്കുകയും ചെയ്തു.

ഈ സമയങ്ങളിൽ യൗവനക്കാരുടെ ഇടയിൽ വേണ്ടതായ സുവിശേഷ പ്രവർത്തനത്തിന്റെ വ്യാപ്തി നടക്കാത്ത കാലഘട്ടമായിരുന്നു. യൗവനക്കാരായ സഹോദരങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ തുറന്നു സംസാ രിക്കാൻ കഴിയാത്ത രീതിയിൽ ചിലർ വിഷമ സങ്കീർണ്ണമായി ആരാധന യോഗങ്ങൾ പോലും നഷ്ടപ്പെടുത്തുന്നതായി തന്റെ ശ്രദ്ധയിൽപ്പെട്ടു. ജീവിതത്തിൽ തകർന്ന് ഉടയുന്ന യൗവനക്കാരെ ദൈവത്തി നായി നേടുവാനും അവർക്കായി പ്രാർത്ഥിക്കുവാനും പ്രത്യേകാൽ അവരുമായി സംസാരിക്കുവാനും താൻ സമയം കണ്ടെത്തി. കുറച്ച് നാളുകൾക്കു ശേഷം അമേരിക്കയുടെ വിവിധ ഇടങ്ങളിൽ യുവജനങ്ങളോട് സംസാരിക്കുവാനുള്ള വേദികൾ താൻ ഉണ്ടാക്കിയെടുത്തു. ഹൃദയം തുറന്ന സംവാദങ്ങളും സന്ദേശങ്ങൾക്ക് മറുപടിയും പ്രാർത്ഥനയുടെ ആവശ്യകതയും അവരെ അറിയിച്ചപ്പോൾ പല യൗവനക്കാരെയും ആത്മീയത യിലേക്ക് തിരിച്ചു കൊണ്ടുവരുവാൻ ദൈവം കൃപ നൽകി. ആ ദിവസങ്ങളെ അഭിമാനത്തോടെ ഇന്നും ഓർക്കുന്നു.

## കേരളത്തിലേക്ക് വാതിൽ തുറക്കുന്നു

യൗവനക്കാരെക്കുറിച്ചുള്ള കൗൺസലിംഗും പ്രവർത്തനങ്ങളും മുൻപോട്ട് കൊണ്ടു പോകുമ്പോൾ തന്നെ ദൈവം ഹൃദയത്തിൽ നൽകിയ ആഗ്രഹത്തെ തുടർന്ന് ''ജീവിതത്തിന്റെ അർത്ഥം തേടി'' എന്ന ഒരു മലയാള പുസ്തകം എഴുതാനിടയായി. ഈ പുസ്തകത്തിൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അതിനുള്ള പ്രതിവിധികളുമായിരുന്നു പ്രധാന ഉള്ളടക്കം. 1986-ൽ മാർഗ്ഗം പബ്ലിക്കേഷൻ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്തു. ഈ പുസ്തകം അനേകം പേർ വായിച്ചതിനാൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ തന്റെ ശുശ്രൂഷയ്ക്ക് വേണ്ടി ദൈവം വാതിൽ തുറന്നു. ഇതോടൊപ്പം അനേകവേദികളിൽ ദൈവവചനം പ്രസംഗിക്കുവാൻ ദൈവം അവസരം നൽകി മാനിച്ചു. യൗവനക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന കഋജഎ ന്റെ പല മീറ്റിംഗുകളിൽ പ്രസംഗിക്കുവാൻ ദൈവം അവസരം നൽകിയിട്ടുണ്ട്.

## ന്യൂയോർക്ക് സഭയുടെപ്രവർത്തന രീതികൾ

1988-ൽ താൻ ഐ.പി.സിയുടെ ഓർഡേൺ പാസ്റ്ററായി 1989-ൽ ന്യൂയോർക്കിൽ ഒരു മലയാളി സഭയുടെ തുടക്കം കുറിച്ചു. 18 വർഷത്തിലധികം മലയാളം സഭയുടെ പാസ്റ്ററായി സേവനം അനുഷ്ഠിക്കുകയുണ്ടായി. 2003 മുതൽ 2008 വരെ മലയാളത്തിലും ഇംഗ്ലീഷിലും ഒരുമിച്ച് ആരാധിച്ചു കൊണ്ടിരിക്കുമ്പോൾ ഇംഗ്ലീഷ് ആരാധനയ്ക്ക് വിശാലമായ ഒരു പുതിയ ആരാധനാലയം ദൈവം നൽകുകയും മലയാളം സഭയെ നിലനിർത്തികൊണ്ട് മറ്റൊരു ഇംഗ്ലീഷ് ആരാധന തുടങ്ങുവാനിടയായി. ഈ രണ്ടു സഭയും ദിനംതോറും വളർന്നു കൊണ്ടിരിക്കുകയും ഒരേ ക്യാമ്പസിൽ രണ്ടു ഭാഗങ്ങളിൽ ഒരേ സമയത്തിൽ ഇപ്പോൾ ആരാധന നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മലയാളം സഭയുടെ പാസ്റ്ററായി ജിജി പോളും ഇംഗ്ലീഷ് സഭയുടെ പാസ്റ്ററായി സണ്ണി ഫിലിപ്പും നേതൃത്വം നൽകുന്നു. ഇംഗ്ലീഷ് ആരാധനയിൽ ഇപ്പോൾ 18 രാജ്യങ്ങളിലുള്ള ദൈവമക്കൾ ഒത്തുചേർന്നു ആരാധിച്ചു വരുന്നു. ഏകദേശം 200-ൽ പരം വ്യക്തികൾ ഇംഗ്ലീഷ് ആരാധനയിലും കുറേപേർ മലയാളം ആരാധനയിലും സംബന്ധിച്ചു വരുന്നു.

## കുടുംബത്തെക്കുറിച്ച് ചില വാക്കുകൾ

1977 ജൂൺ രണ്ടാം തീയതി തിരുവല്ല താഴംപള്ളത്ത് പാസ്റ്റർ ടി.ജി ഈശോ, ശോശാമ്മ ദമ്പതികളുടെ മകൾ മേഴ്സിയെ വിവാഹം ചെയ്ത് കുടുംജീവിതത്തിലേക്ക് പ്രവേശിച്ചു. സണ്ണി ഫിലിപ്പ് മേഴ്സി ദമ്പതികളുടെ കുടുംബജീവിതത്തിൽ ദൈവം 3 മക്കളെ ദാനമായി നൽകി. 3 പേരും വിവാഹിതരും അവർക്കും മക്കളെ ദൈവം നൽകി മാനിക്കുന്നു. മക്കൾ: അനീഷ്, നിഷ, അലീഷ. മരുമക്കൾ: ഷിക്കാ, ക്രിസ്റ്റഫർ, ഷിബു. കൊച്ചുമക്കൾ: സ്കൈലർ, സിഡ്നി, ലേവി.

## മുമ്പുള്ളതും ഇപ്പോഴുള്ളതുമായ പദവികൾ

1)1989-ൽ ശാലേം പെന്തെക്കോസ്തൽ ടാബർനാക്കിൽ എന്ന ഐ.പി.സി. സഭയ്ക്ക് തുടക്കം കുറിച്ചു.

2) ന്യൂയോർക്ക് ഐ.പി.സി. ഈസ്റ്റേൺ റീജിയന്റെ സെക്രട്ടറിയായി 2 പ്രാവശ്യം പ്രവർത്തിച്ചിട്ടുണ്ട്.

3) 2013-ലെ പിസിനാക് ന്റെ കൺവീനറായി പ്രവർത്തിച്ചിട്ടുണ്ട്.

4) ന്യൂയോർക്കിലെ ഗേറ്റ്‌വേയുടെ സഭ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോഴും അതിന്റെ സീനിയർ പാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു.

5) ഗ്ലോബൽ നെറ്റ്‌വർക്ക് ഓഫ് ക്രിസ്ത്യൻ ഇന്ത്യൻ ലീഡേഴ്സ് എന്ന അന്തർദ്ദേശീയ ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് പ്രസ്ഥാനത്തിന്റെ ചെയർമാനായി ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

6) പി.വൈ.എഫ്.എയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

7) പി.വൈ.എഫ്.എയുടെ അമേരിക്കൻ പ്രസിഡന്റായി 3 വർഷം സേവനം അനുഷ്ഠിച്ചു.

8) മധ്യപ്രദേശിൽ എട്ടു വർഷമായി ഐ.പി.സി. പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നു.

**എന്നെ നിങ്ങൾ വിജയിപ്പിച്ചാൽ ഞാൻ പറഞ്ഞിട്ടുളള കാര്യങ്ങൾ ദൈവനാമമഹത്വത്തിനായി ചെയ്യുമെന്ന് നിങ്ങൾക്ക് വാക്കുനൽകുന്നു. ദയവായി നിങ്ങൾ എന്നെ വിജയിപ്പിക്കുകയും മറ്റുളള നിങ്ങളുടെ സ്നേഹിതരോട് എന്നെ സഹായിക്കണമെന്ന് പറയുകയും എനിക്കായും എന്റെ കുടുംബത്തിനായും എന്റെ ശുശ്രൂഷകൾക്കായും പ്രാർത്ഥിക്കുകയും നിങ്ങളുടെ ഓരോ വോട്ടും പാസ്റ്റർ സണ്ണി ഫിലിപ്പ് (വൈസ് പ്രസിഡന്റ്) സ്ഥാനത്തേക്ക് നൽകി സഹായിക്കണമെന്നും വിജയിപ്പിക്കണമെന്നും വിനീതമായി അഭ്യർത്ഥിച്ചു കൊള്ളുന്നു.**

## ഭാവി ചിന്തകൾ പങ്കിടുന്നു

ഐ.പി.സി യുടെ കുമ്പനാട് നടക്കാൻ പോകുന്ന ഇലക്ഷനിൽ വൈസ് പ്രസിഡന്റായി മത്സരിക്കാൻ ദൈവ കൃപയിൽ ഞാൻ ആഗ്രഹിക്കുന്നു. വൈസ്പ്രസിഡന്റ് സ്ഥാനത്തേക്ക് എന്നെ നിങ്ങൾ തെരഞ്ഞെടുത്താൽ ദൈവജനത്തേയും സഭയെയും ആത്മീയ ഉന്നമനത്തിലേക്ക് നയിക്കുവാൻ കഴിവിന്റെ പരമാവധി ഞാൻ പരിശ്രമിക്കും ഐ.പി.സിയുടെ അഡ്മിനിസ്ട്രേഷൻ ക്രമീകൃതമായി നിലവിൽ വരുത്തി തുടർന്നു കൊണ്ടുപോകുവാനും ഉചിതമാകുംവണ്ണം എല്ലാ കാര്യങ്ങൾ ചെയ്യുവാനും പരിശ്രമിക്കും. പീഡനം അനുഭവിച്ച ദൈവദാസന്മാരും അവരുടെ കുടുംബാംഗങ്ങളെയും മാത്രമല്ല ഇപ്പോഴും പീഠനം അനുഭവിച്ചുകൊണ്ടിരിക്കുന്ന ദൈവസഭകളെയും നിയമപരമായി സംരക്ഷണം നൽകി അധികാരികളിൽ നിന്നും ന്യായമായ നീതി ലഭിക്കുവാൻ ആവുന്നടത്തോളം ഞാൻ പരിശ്രമിക്കും. സുവിശേഷം നിമിത്തം ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങളെ പ്രത്യേകാൽ സംരക്ഷിക്കുകയും അവരുടെ തലമുറകൾക്ക് ഭാവിവഴികൾ സജ്ജമാക്കി കൊടുക്കുവാനും വേദനയിൽ നിന്നും കൈപിടിച്ചുയർത്തി മുൻനിരയിൽ അവരെ കൊണ്ടെത്തിക്കുവാനുള്ള വിവിധ ആശയങ്ങളും എന്റെ മനസ്സിലുണ്ട്. പ്രത്യേകാൽ ഇങ്ങനെയുള്ളവർക്ക് വേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

## ഹൃദയം തുറന്ന തന്റെ അഭ്യർത്ഥന

കർത്താവിൽ പ്രിയ ദൈവദാസന്മാരെ, എന്നെ സ്നേഹിക്കുന്ന സഹോദരീ സഹോദരങ്ങളെ, ഈ വരുന്ന ദിവസങ്ങളിൽ കുമ്പനാട് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഐ.പി.സി പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റായി മത്സരിക്കുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. നിങ്ങളോടൊപ്പം ചേർന്നു നിന്നുകൊണ്ട് നമ്മുടെ സഭകളുടെയും ദൈവദാസന്മാരുടേയും വേദന അറിഞ്ഞ് ദൈവവചന അടിസ്ഥാനത്തിൽ നിങ്ങളോടൊപ്പം സഭ പണിയപ്പെടുവാനും പ്രവർത്തിക്കുവാനും എന്റെ ഹൃദയത്തിൽ വളരെ ആഗ്രഹമുണ്ട്. എന്നെ നിങ്ങൾ വിജയിപ്പിച്ചാൽ ഞാൻ മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ദൈവനാമമഹത്വത്തിനായി ചെയ്യുമെന്ന് നിങ്ങൾക്ക് വാക്കുനൽകുന്നു. ദയവായി നിങ്ങൾ എന്നെ വിജയിപ്പിക്കുകയും മറ്റുള്ള നിങ്ങളുടെ സ്നേഹിതരോട് എന്നെ സഹായിക്കണമെന്ന് പറയുകയും എനിക്കായും എന്റെ കുടുംബത്തിനായും എന്റെ ശുശ്രൂഷകൾക്കായും പ്രാർത്ഥിക്കുകയും നിങ്ങളുടെ ഓരോ വോട്ടും പാസ്റ്റർ സണ്ണി ഫിലിപ്പ് (വൈസ് പ്രസിഡന്റ്) സ്ഥാനത്തേക്ക് നൽകി സഹായിക്കണമെന്നും വിജയിപ്പിക്കണമെന്നും വിനീതമായി അഭ്യർത്ഥിച്ചു കൊള്ളുന്നു.

കർത്താവിന്റെ വേലയിൽ നിങ്ങളുടെ
കൂട്ടുപ്രവർത്തകൻ
സണ്ണി ഫിലിപ്പ്, ന്യൂയോർക്ക്.

# നേതൃത്വം: പൗലൊസ് അപ്പൊസ്തലന്റെ കാഴ്ചപ്പാട്

**ഓസ്വാൾഡ് സാൻഡേഴ്സ്**

എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം. സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? നിഗളിച്ചിട്ട് പിശാചിനു വന്ന ശിക്ഷയിൽ അകപ്പെടാതിരിക്കുവാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിക്കുവാൻ പുറമെയുള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം'' (1 തിമൊ. 3:2–7). ഒരിക്കൽ ഒരു സുഹൃത്തു പറഞ്ഞു: ''നിന്റെ തന്നെ തെറ്റുകൾ രണ്ടു കാലുകളിൽ ഓടി നടക്കുന്നത് കാണുന്നത് താഴ്മ ഉളവാക്കുന്ന കാര്യമല്ലേ?''അതെന്നെ ഒരു കാര്യം ഓർമിപ്പിച്ചു. ആത്മീയ തത്വങ്ങൾ പ്രസ്താവനകളിലല്ലല്ലോ രണ്ടു കാലിൽ ഓടി നടക്കുമ്പോഴല്ലേ അത് വ്യക്തമാകുന്നത്. അപ്പൊസ്തലനായ പൗലൊസ് നേതൃത്വതത്വങ്ങൾ തന്റെ ജീവിതത്തിൽ കാണിച്ചവനാണ്. തന്റെ ജീവിതത്തെ നോക്കുമ്പോൾ നേതൃത്വം എന്തെന്ന് വളരെയേറെ വ്യക്തമാകുന്നു.

വർഷങ്ങൾ കഴിയുന്തോറും ഒരു നേതാവിന്റെ ഖ്യാതി വർദ്ധിച്ചു വരുന്നു. കൂടുതൽ പഠിക്കുന്തോറും പൗലൊസിന്റെ ധാർമികവും ആത്മികവുമായ വലുപ്പം വളരെ മനസിലാക്കാൻ കഴിയും. ''ലോകത്തിലെ ഏറ്റവും സഫലനായ ക്രിസ്ത്യാനി'' എന്നാണ് ഏ. ഡബ്ല്യൂ. ടോസർ പൗലൊസിനെക്കുറിച്ച് പറഞ്ഞത്. ഇതൊരു വലിയ അത്ഭുതമാണ്, ക്രിസ്ത്യാനിത്വത്തിന്റെ ബദ്ധശത്രുവായിരുന്നവനെ ദൈവം പിടികൂടി ക്രിസ്തീയ പ്രസ്ഥാനത്തിന്റെ അഗ്രഗണ്യനായ നേതാവാക്കിത്തീർത്തു.

ദൈവം തന്നെ വിളിച്ച ശുശ്രൂഷയ്ക്കുവേണ്ടി പൗലൊസിനു നിസ്തുല്യമായ നിലയിൽ പരിശീലനം സിദ്ധിച്ചിരുന്നു. പൗലൊസിന് തുല്യനായ ഒരു വ്യക്തി ഇന്നുണ്ടായിരുന്നെങ്കിൽ അയാൾ ഇങ്ങനെ ആയിരിക്കും? ചൈനീസ് ഭാഷയിൽ കൺഫ്യൂഷ്യസിനെക്കുറിച്ചും മെൻഷ്യസിനെക്കുറിച്ചും ബെയ്ജിങ്ങിൽ സംസാരിക്കുവാൻ കഴിയുന്നവൻ, അഖണ്ഡനീയമായ വേദശാസ്ത്രമെഴുതി ഓക്സ്ഫോർഡിൽ പഠിക്കുവാൻ കഴിയുന്നവൻ, തന്റെ വിശ്വാസത്തെ ശുദ്ധമായ റഷ്യൻ ഭാഷയിൽ സോവിയറ്റ് അക്കാഡമി ഓഫ് സയൻസിൽ യുക്തിയുക്തമായി സ്ഥാപിക്കുവാൻ കഴിയുന്നവൻ. സഭ ഇന്നുവരെ കണ്ടിട്ടുള്ളതിൽവച്ച് പൗലൊസാണ് ഏറ്റവും ബഹുമുഖ പണ്ഡിതനായ ഒരു നേതാവ്.

ശ്രേഷ്ഠനായ ഒരു നേതാവായ പൗലൊസ് അപ്പൊസ്തലനെക്കാൾ നേതൃത്വത്തിന്റെ സ്വഭാവയോഗ്യതകളെപ്പറ്റി പറയുവാൻ കഴിവുള്ളവർ മറ്റാരുണ്ടണ്ട്? തന്റെ അനുഭവ പരിചയത്തിനു പുറമെ, തനിക്ക് പറയുവാൻ പരിശുദ്ധാത്മാവിന്റെ പ്രകാശനവും പ്രചോദനമായിരുന്നു. ആത്മികമാനദണ്ഡങ്ങൾ ഒന്നുതന്നെയാണ്. ഇവിടെ പറഞ്ഞിരിക്കുന്ന സ്വഭാവയോഗ്യതകളൊന്നും ഇഷ്ടമാണെങ്കിൽ ഉണ്ടായിരിക്കേണ്ട യോഗ്യതകളല്ല, പിന്നെയോ അത്യന്താപേക്ഷിതമായ യോഗ്യതകളാണ്.

സഭയോടുള്ള ബന്ധത്തിൽ നേതാക്കന്മാരെപ്പറ്റി പറയുമ്പോൾ ഉപയോഗിച്ചിരിക്കുന്ന ''അദ്ധ്യക്ഷൻ,'' ''മൂപ്പന്മാർ'' എന്നീ വാക്കുകൾ ഒരേ വ്യക്തിയെ ഉദ്ദേശിച്ച് ഉപയോഗിച്ചിരിക്കുന്ന വാക്കുകളാണ് എന്നാണ് പൊതുവിലുള്ള അഭിപ്രായം. മൂപ്പൻ എന്ന പദം തന്റെ ബഹുമാനത്തെയും സ്ഥാനത്തെയും കാണിക്കുമ്പോൾ അദ്ധ്യക്ഷൻ എന്ന പദം തന്റെ ജോലി അല്ലെങ്കിൽ ചുമതല എന്നതിനെയും കാണിക്കുന്നു. അപ്പൊ. പ്രവൃ. 20:17, 28 എന്നീ വാക്യങ്ങളിൽ പൗലൊസ് അപ്പൊസ്തലൻ നേതാക്കന്മാരെ ആദ്യം മൂപ്പന്മാരും പിന്നീട് അദ്ധ്യക്ഷന്മാർ എന്നും സംബോധന ചെയ്തിരിക്കുന്നു. അദ്ധ്യക്ഷൻ എന്ന പദത്തിന് ഇപ്പോഴുള്ള അർഥം വളരെക്കാലങ്ങൾക്കു ശേഷം ഉണ്ടായിട്ടുള്ളതാണ്. ഒരു ആത്മിക നേതാവിന് പല മണ്ഡലങ്ങളിലും ബന്ധങ്ങളിലും ഉണ്ടായിരിക്കേണ്ട സ്വഭാവവിശേഷങ്ങൾ മേലുദ്ധരിച്ച വാക്കുകളിൽ വെളിവാക്കപ്പെട്ടിരിക്കുന്നു.

## സാമൂഹിക യോഗ്യതകൾ

സഭയിലുള്ളവരോടുള്ള ബന്ധത്തിൽ നേതാവ് കുറ്റമറ്റവനായി കാണപ്പെടണം. എതിരാളികൾക്ക് തനിക്കെതിരെ ആക്രമണം അഴിച്ചുവിടുവാൻ തക്കവണ്ണം നിലയുറപ്പിക്കുവാനുള്ള ചവിട്ടുപടികൾ ഉണ്ടാകരുത്. നേതാവിനെതിരായി ഒരു കുറ്റപത്രം കൊണ്ടുവന്നാൽ അത് നിലനിൽക്കാത്ത രീതിയിൽ നേതാവ് നിരപവാദ്യനായിരിക്കേണം. തന്റെമേൽ ചെളി വാരിയെറിയുന്നതിന് പിശാച് അവസരം കൊടുക്കുവാൻ പര്യാപ്തമായ രീതിയിൽ നേതാവ് യാതൊന്നും ചെയ്യരുത്.

സഭയ്ക്ക് വെളിയിലുള്ളവരോടുള്ള ബന്ധത്തിൽ നേതാവ് സൽപ്പേരുള്ളവനായിരിക്കണം. സാധാരണ ജീവിതത്തിലും ലോകപരമായ ഇടപാടുകളിലും ഒരു ക്രിസ്തുവിന്റെ അനുയായിയുമായി സമ്പർക്കമുള്ളവർക്ക് തന്റെ ജീവിതത്തെപ്പറ്റിയും ക്രിസ്തീയ ജീവിതത്തിന്റെ മാറ്റിനെപ്പറ്റിയും വ്യക്തമായ ഉൾക്കാഴ്ചയുണ്ട്. അതുകൊണ്ടാണ് നേതാവ് സൽപ്പേരുള്ളവനായിരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. എനിക്ക് പരിചയമുള്ള ഒരു വ്യാപാരി ചിലപ്പോൾ ഞായറാഴ്ച സഭായോഗങ്ങളിൽ പ്രസംഗിക്കുക പതിവായിരുന്നു. എന്നാൽ പിറ്റേ ദിവസം താൻ അസാധാരണമായി കോപിക്കുക പതിവായിരുന്നതിനാൽ അയാൾ ഞായറാഴ്ച സഭയിൽ പ്രസംഗിച്ചു എന്ന് തന്റെ ജോലിക്കാർ പറയുക പതിവായിത്തീർന്നു. അയാൾക്ക് തന്റെ ജോലിക്കാരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുവാൻ സാധിച്ചില്ല.

അക്രൈസ്തവർ ക്രിസ്തുവിന്റെ അനുയായികളെ വിമർശിക്കുന്നെങ്കിലും ക്രിസ്തീയമായ സ്വഭാവവിശേഷങ്ങൾ ഒരു വ്യക്തിയിൽ കാണപ്പെടുമ്പോൾ അവർ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ഇതേ സ്വഭാവവിശേഷങ്ങൾ ക്രിസ്തുവിന്റെ ഒരു അനുയായിയിൽ കാണപ്പെടാതിരിക്കുമ്പോൾ അവർ വിമർശിക്കുന്നു. പ്രസംഗത്തെക്കാൾ പ്രവർത്തിയാണ് കൂടുതൽ ശക്തിയുള്ളത്.

## സാന്മാർഗിക യോഗ്യതകൾ

ധാർമികമായ യോഗ്യതകൾക്കെതിരെ തുടർച്ചയായ ആക്രമണങ്ങൾ നിലവിലിരിക്കുന്ന ഒരു ലോകത്തിൽ ഒരു നേതാവ് ഈ കാര്യത്തിൽ കുറ്റമില്ലാത്തവനായിരിക്കേണ്ടതാണ്. ഈ വാക്കുകളെ പലവിധത്തിൽ വ്യാഖ്യാനിക്കാറുണ്ട്. അത് എന്തെല്ലാമായിരുന്നാലും തന്റെ ഏകവിവാഹപങ്കാളിയോട് വിശ്വസ്തത പാലിക്കുന്ന ഉന്നതമായ മാനദണ്ഡം നിലനിർത്തുവാൻ നേതാവ് ബാധ്യസ്ഥനാണ്. അതേ സമയം തന്നെ മദ്യപാനം എന്ന ദോഷം ഒരു നേതാവിനെ തീണ്ടുകപോലുമരുത്. സാധാരണ സമൂഹത്തിൽ പോലും കുടിച്ചുമത്തനായ ഒരുവൻ നിന്ദാപാത്രമാണ്. പിന്നെ ക്രിസ്തീയ സഭയിലെ കാര്യം പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. തന്റെ ജീവിതവിശുദ്ധിയെയോ സാക്ഷ്യത്തെയോ കളങ്കപ്പെടുത്തുന്ന യാതൊരു പ്രവർത്തനങ്ങളിലും നേതാവ് രഹസ്യമായിപ്പോലും ഇടപെടരുത്.

## കുടുംബപരമായ യോഗ്യതകൾ

വിവാഹിതനായ ഒരു ക്രിസ്തീയ നേതാവ് തന്റെ കുടുംബത്തെ ദൈവികമായ വഴിയിൽ ഭരിച്ചുനടത്തുവാൻ പ്രാപ്തനായിരിക്കണം. സ്വന്തകുടുംബത്തെ നന്നായി ഭരിക്കുവാനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം (1 തിമൊ. 3:4). ഈ കാര്യത്തിൽ വീഴ്ച വന്നതിനാൽ അനേക മിഷനറിമാരുടെയും നേതാക്കന്മാരുടെയും ശുശ്രൂഷകൾക്ക് മങ്ങലേറ്റിട്ടുണ്ട്.

മേൽപ്പറഞ്ഞ കാര്യത്തിൽ ഒരു നേതാവ് വിജയം പ്രാപിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ഭാര്യ തന്റെ ആത്മിക അഭിലാഷങ്ങളെ അറിഞ്ഞ് പങ്കുവയ്ക്കുന്നവളും അതിനാവശ്യമായ ത്യാഗങ്ങൾ സഹിക്കാൻ മനസുള്ളവളുമായിരിക്കണം. ഉന്നതമായ നേതൃത്വ സ്ഥാനങ്ങൾ അലങ്കരിപ്പാൻ കഴിവുള്ള പല നേതാക്കന്മാർ, തങ്ങൾ തിരഞ്ഞെടുത്ത ഭാര്യമാരുടെ അയോഗ്യത നിമിത്തം തങ്ങളുടെ സ്ഥാനങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ട്. തന്റെ സ്വന്തം ഭവനത്തെ ഗൗരവപൂർണ്ണമായും അച്ചടക്കബോധത്തോടും കൂടെ സംരക്ഷിക്കാത്തവൻ ദൈവികഭവനം ഭരിക്കാൻ യോഗ്യനായിരിക്കയില്ല. മാത്രമല്ല, തന്റെ ഭവനം നന്നായി ഭരിക്കയും മക്കളെ നിയന്ത്രിക്കുകയും ചെയ്യാത്ത ഒരാൾക്ക് അതിഥി സൽക്കാരം ചെയ്യാനുള്ള കഴിവ് ഇല്ലാതായിത്തീരും. മറ്റു കുടുംബങ്ങളുടെ മേലുള്ള തന്റെ സ്വാധീനം നഷ്ടപ്പെട്ടുപോകും. •




## വീസ നിഷേധിച്ചു

വാഷിംങ്ട്ടൺ: ഇന്ത്യയിൽ മതസ്വാതന്ത്ര്യത്തെക്കുറിച്ച് പഠനം നടത്താൻ യു.എസ് സ്റ്റേറ്റ് കമ്മിഷൻ ഓൺ ഇന്റർനാഷനൽ റിലീജിയൻസ് ഫ്രീഡം അംഗങ്ങൾക്ക് സർക്കാർ വീസ നിഷേധിച്ചു. സർക്കാർ ഉദ്യോഗസ്ഥർ, മതനേതാക്കൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ സന്ദർശിച്ചാണ് കമ്മിഷൻ റിപ്പോർട്ട് തയ്യാറാക്കുന്നത്.

ഇന്ത്യൻ സർക്കാരിന്റെ തീരുമാനം ദുഃഖകരമാണെന്ന് കമ്മിഷൻ ചെയർമാൻ റോബർട്ട് പി. ജോർജ്ജ് പറഞ്ഞു. ജനാധിപത്യ രാജ്യത്ത് നിന്ന് ഇത്തരം കാര്യങ്ങൾ പ്രതീക്ഷിക്കുന്നില്ല. തീരുമാനം പുനപരിശോധിക്കുമെന്നാണ് കരുതുന്നത്. ആദ്യമായിട്ടല്ല ഇന്ത്യയിൽ വരുന്നതെന്നും ജോർജ്ജ് പറഞ്ഞു.

പാകിസ്ഥാൻ, സൗദി അറേബ്യ, വിയറ്റ്നാം, ചൈന, ബർമ്മ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച് മതഃസ്വാതന്ത്ര്യത്തെ കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. രാജ്യത്തുടനീളം കേന്ദ്ര സർക്കാരിന്റെ മറവിൽ നിന്നുകൊണ്ട് മതതീവ്രവാദികൾ പ്രതിദിനം ക്രൈസ്തവരെ പീഡിപ്പിക്കുകയും, വസ്തുക്കൾ നശിപ്പിക്കുകയും ചെയ്യുന്നത് സ്ഥിരം വാർത്തയാണ്.






കവിത

# കനിവിന്റെ ഹൃദയം



ജോമോൻ ആലയ്ക്കൽ

ഞാനെന്ന ഭാവം എന്നിൽ വളർന്നതും
വർണ്ണപ്പകിട്ടുകൾ മാടി വിളിച്ചതും
പൈതൃകമായത് കൈക്കലായ് തീർന്നതും
അപ്പനെ തള്ളിപ്പറഞ്ഞു നടന്നതും...
ലക്ഷ്യമില്ലാത്ത ജീവിത സരണിയിൽ
കൈവന്നു ചേർന്നതാം കനിവറ്റ മിത്രങ്ങൾ
ചോരത്തിളപ്പിന്റെ യൗവന തൃഷ്ണയിൽ
ആസക്തിയിൻ ചിറകേറി കാലം കഴിച്ചതും
ലഹരിയിൻ നീരാളിക്കയങ്ങളിൽ താഴ്ന്നതും
ഉരുളുന്ന കബന്ധങ്ങൾക്കിടയിൽ നടന്നതും...
സമ്പത്തിൻ സ്നേഹിതർ ആപത്തിൽ ശത്രുവായ്
ആടിത്തിമിർത്തതാം കപടവേഷങ്ങളും
വിജനമായ് തീർത്തതാം ദാരിദ്ര്യദു:ഖങ്ങൾ
ഗുരുവായ് തീർന്നതാം ജീവിതയാത്രകൾ
വിശപ്പിൻ വിളക്കു മുന്നിൽ പകച്ചതും
പന്നികൾ കൂടെ ഉറങ്ങാൻ കിടന്നതും...
ഓർക്കുന്നു ഞാനിന്നാ സ്നേഹത്തിൻ ഭവനം
ആരെയും തള്ളാത്തൊരപ്പന്റെ ഭവനം
മനസ്സേ നിനക്കിനി മടങ്ങാൻ സമയമായ്
പാപവും അഹന്തയും പിന്നിട്ട വഴികളും...
കരുണതന്നിരിപ്പിടമായൊരു പിതാവ്
ഇരുകരം നീട്ടി നിൽക്കുന്ന സ്നേഹമുണ്ട്
വരുമെന്ന് നിനച്ച് പടിപ്പുരയോളം
മിഴിനട്ടു നിൽക്കുന്ന കനിവാർന്ന മുഖമുണ്ട്
എഴുന്നേൽക്കൂ മനസ്സേ മടങ്ങുവാൻ സമയമായ്
മുറിവേറ്റ മാനസിൻ സ്പന്ദനം കേൾക്കുക
സ്നേഹത്താൽ നെയ്തതാം വസ്ത്രമൊരുക്കി
അലിവിന്റെ വിരുന്നുമായപ്പനിരിക്കുന്നു
ഇടറിയ പാദങ്ങൾക്കഭയമേകീടുവാൻ
കനിവിന്റെ ഹൃദയം കാത്തിരിക്കുന്നു.....

Landway Health Tips

## വായിലെ പുണ്ണിന് വീട്ടിൽ പ്രതിനിധികൾ

മനുഷ്യന്റെ വായിൽ പുണ്ണ് വന്നാൽ അത് പിന്നെ എത്രത്തോളം ബുദ്ധിമുട്ടാണ് എന്ന് അനുഭവിച്ചവർക്ക് അറിയാം. ഇത്രത്തോളം അസുഖകരമായ അവസ്ഥ വേറെ ഇല്ലെന്നു തന്നെ പറയാം. എത്ര നിസ്സാരമാണെന്ന് കരുതിയാലും നമുക്കിഷ്ടപ്പെട്ട ഭക്ഷണം പോലും കഴിയ്ക്കാൻ പറ്റാത്ത അവസ്ഥയായിരിക്കും പലപ്പോഴും വായ്പ്പുണ്ണ് എന്ന് വായിലെ അൾസറിന്റെ ഫലം. വായ്പ്പുണ്ണ് സുഖപ്പെടുത്താൻ ചിലവുകുറഞ്ഞ ചില വഴികളുണ്ട്. ഇതിനായി യാതൊരു വിധത്തിലുള്ള കഷ്ടപ്പാടും ഇല്ല എന്നത് സത്യം. ഇടയ്ക്ക് നമ്മുടെ അടുക്കളയിൽ എന്തൊക്കെയുണ്ട് എന്ന് നോക്കിയാൽ മതി. അടുക്കള സാമഗ്രികൾ കൊണ്ട് തന്നെ നമുക്ക് വായ്പ്പുണ്ണ് ഇല്ലാതാക്കാം.

1. ഉള്ളിയും വായ്പ്പുണ്ണും: ഉള്ളി കഴിയ്ക്കുന്നത് വായ്പ്പുണ്ണിനെ പ്രതിരോധിക്കുന്നു. ഉള്ളി കഴിയ്ക്കുന്നത് മാത്രമല്ല ഇതിന്റെ നീര് വായ്പ്പുണ്ണ് ഉള്ള ഭാഗത്ത് പുരട്ടുന്നതും വായ്പ്പുണ്ണിനെ ഇല്ലാതാക്കാൻ സഹായിക്കും.

2. ബേക്കിംഗ് സോഡ: കുറച്ച് ബേക്കിംഗ് സോഡ വെള്ളം ചേർത്ത് വായ്പ്പുണ്ണുള്ള ഭാഗത്ത് പുരട്ടുക. അൽപസമയത്തിനു ശേഷം വായ കഴുകുക. ദിവസത്തിൽ മൂന്ന് നാല് പ്രാവശ്യമെങ്കിലും ഇത്തരത്തിൽ ചെയ്യുക.

3. ചായപ്പൊടി: വായ്പ്പുണ്ണിന് ഫ്രിഡ്ജിൽ വെച്ചു തണുപ്പിച്ചു ചായപ്പൊടി വായ്പ്പുണ്ണിന് ഉള്ള ഭാഗത്ത് പുരട്ടുക. മാത്രമല്ല ചായ കുടിയ്ക്കുന്നതും വായ്പ്പുണ്ണിനെ പ്രതിരോധിക്കും.


4. ഉപ്പുവെള്ളം : വായ് കഴുകുന്നതും വായ്പുണ്ണിന് പ്രതിവിധിയാണ്. ചൂടുവെള്ളത്തിൽ ഉപ്പ് ഇട്ട് വായ കഴുകുന്നതാണ് ഏറ്റവും ഉത്തമം.

5. തേനും വായ്പ്പുണ്ണും: തേൻ ഉപയോഗിച്ചും വായ്പ്പുണ്ണ് പ്രതിരോധിക്കാം. വായ്പ്പുണ്ണ് ഉള്ള സ്ഥലങ്ങളിൽ തേൻ പുരട്ടുന്നത് വായ്പ്പുണ്ണ് വേഗം മാറാൻ സഹായിക്കുന്നു.

6. വെളിച്ചെണ്ണ പുരട്ടുന്നത്: വായ്പ്പുണ്ണ് ഉള്ള സ്ഥലത്ത് വെളിച്ചെണ്ണ പുരട്ടുന്നതും വായ്പ്പുണ്ണ് പ്രതിരോധിക്കാൻ സഹായിക്കുന്നു.

7. കറ്റാർവാഴയുടെ നീര് : വായ്പ്പുണ്ണിന് നല്ലതാണ്. ഇത് ചൂടു കുറച്ച് വായയ്ക്ക് നല്ല തണുപ്പു നൽകുന്നു.

8. മല്ലി: നമ്മുടെ അടുക്കളയിൽ സ്ഥിരം ഉപയോഗത്തിലിരിക്കുന്ന മല്ലി. വായ്പ്പുണ്ണ് ഉള്ളപ്പോൾ അൽപം എടുത്ത് ചവച്ചാൽ മതി.



**after the Great White throne judgment, Gods children will be with Him. God will prepare for them a new heaven and new earth. The eternal life with Lord begins; a life of joy and peace forever.**






Duglas Joseph
duglas2007@gmail.com

Everyone is interested in the future. People have always been anxious about the future. People approach astrologers, palm readers, prophetsand fortune tellers. Some people believe that celestial bodies especially stars influence human lives. According to the time of birth, astrologers prepare the horoscope which foretells the life events of a person from birth to death. Once I posed a question to my Sunday School students, ‘ Which book predicts your future’? . Unfortunately a long silence prevailed. They were quite surprised when I told them that the Bible in their hand is the book which predicts the future. The Bible is the one source of true predictions. There is no need to run after prophets or astrologers. In fact, God prohibited the practice of fortune telling. Bible says, ‘’ since no one knows the future, who can tell someone else what is to come? (Ecclesiastes 8:7) Those who trust in God need not worry about what future stored for them. Bible emphatically assures us, ‘’For I know the plans I have for you,” declares the Lord, “plans to prosper you and not to harm you, plans to give you hope and a future (Jeremiah 29: 11).

For a believer, the greatest hope about future is the second coming of our Lord Jesus Christ. Christians will look forward to the Rapture with joy. The ‘Rapture’ which refers to the future coming of the Lord when we meet our Lord in the air. No one can tell us when the Rapture will take place because only God the Father knows. ‘’ No one knows, however, when that day and hour will come, neither the angels in heaven nor the Son; the Father alone knows’’. (Matthew 24: 36). Christians look forward to the Rapture with joy. Those who have died will be resurrected and those who are alive will be changed. All will be caught up together to meet the Lord in the air. ‘Listen to this secret truth; we shall not all die, but when the last trumpet sounds we shall all be changed in an instant as quickly as the blinking of an eye. For when the trumpet sounds, the dead will be raised, never to die again and we shall all be changed (1 Corinthians 15: 51-53).

After the Rapture, Christians will be judged and rewarded according to their faithfulness to Christ. ‘’ For all of us must appear before Christ,to be judged by him. Each one will receive what he deserves, according to everything he has done, good or bad, in his bodily life (2 Corinthians 5:10). Those who believed and accepted Christ as savior and Lord and proclaimed their belief by way of water baptism will fly away to mid sky when Jesus arrives to take his holy people. Through the sacrificial death on cross, Christ washed away our sins. However, the redemption from sins will be avail to those who accept Jesus as Saviour.

In the second phase, our Lord Jesus will return with His people to rule over the earth a thousand years. This period of the time has been called the millennium. The Bible says the millennium will be an era of great joy and peace. ‘Happy and greatly blessed are those who are included in this first raising of the dead. The second death has no power over them; they shall be priests of God and of Christ, and they will rule with him for a thousand years (Rev. 20:6) ‘Wolves and sheep will live together in peace, and leopards will lie down with young goats. Calves and lion cubs will feed together, and little children will take care of them (Isaiah 11:6).

Finally, after the Great White throne judgment, Gods children will be with Him. God will prepare for them a new heaven and new earth. The eternal life with Lord begins; a life of joy and peace forever. Bible says about the greatness of our eternal life in Revelation 21: 4 ‘He will wipe away all tears from their eyes. There will be no more death, no more grief or crying or pain'.

വരിസംഖ്യ അടച്ചുവോ?

ലാൻഡ്‌വേയുടെ വാർഷിക വരിസംഖ്യ ദയവായി
അടയ്ക്കുകയോ പുതുക്കുകയോ ചെയ്ത്,
എല്ലാ മാന്യവായനക്കാരും ഈ മിനിസ്ട്രിയോട്
സഹകരിക്കണമെന്ന് ദയവായി അപേക്ഷിക്കുന്നു.

ചീഫ് എഡിറ്റർ

ലേഖനം

പാട്ടിന്റെ വഴി

# ശാസ്ത്രി മോശവത്സലം



''യെരുശലേമെൻ ഇമ്പവീടെ എപ്പോൾ ഞാൻ വന്നുചേരും,
ധരണിയിലെ പാടും കേടും എപ്പോൾ ഇങ്ങൊഴിയും.....''

ദൈവം ശിൽപിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായ് കാത്തിരുന്ന ഏതൊരു ക്രിസ്തു ഭക്തനും ഏറെ പ്രത്യാശ നൽകുന്ന ഗാനമാണിത്. നാഗൽ സായിപ്പിന്റെ ''സമയമാം രഥത്തിൽ ഞാൻ'' എന്ന ഗാനംപോലെ തന്നെ പ്രചാരം നേടിയതാണീഗാനവും. പ്രിയപ്പെട്ടവരുടെ വേർപാടിൽ ഹൃദയ ത്തിനേറ്റ ആഘാതത്താൽ അസ്വസ്ഥരായിരിക്കുന്നവർക്ക് നിത്യ സ്വസ്ഥതയുടെ വാഗ്ദാനമോർപ്പിച്ചുണർത്തിയ പനിനീർ പൂവാണീ ഗാനം.

''നിന്റെ ഹിതം പോലെയെന്നെ നിത്യം നടത്തീടേണമേ...''

''പൊന്നേശു നരർ തിരുബലി മരണം നിനപ്പാൻ...

''അനുഗ്രഹത്തോടെയിപ്പോൾ അയയ്ക്ക അടിയാരേ...''

''മനസ്സോടെ ശാപമരത്തിൽ തൂങ്ങിയ മനുവേലാ...''

''സ്വന്തം നിനക്കിനി ഞാൻ യേശുദേവാ...''

വരികസുരാധിപ പരമ പരാ നിൻകരുണാസനം...''

മുതലായ നൂറിൽപ്പരം ഗാനകുസുമങ്ങൾ മോശവത്സലം ശാസ്ത്രികങ്ങളുടെ ഗാനവല്ലിയിൽ ക്രൈസ്തവർക്കായി ഇതൾവിടർത്തി.

റവ.ജോൺ കോക്സ് സുവിശേഷ പ്രവർത്തനത്തിന് 1837-ൽ തിരുവനന്തപുരത്തെത്തി. പൊട്ടസ്റ്റന്റ് സ്കൂളിൽ പഠിച്ചതിനാൽ പ്രൊട്ടസ്റ്റന്റുകാരനായിത്തീർന്ന പിതാവ് അരുളാനന്ദം എന്ന പേര് സ്വീകരിച്ചു. അരുളാനന്തം എന്ന അന്തോണിയെ സുവിശേഷ പ്രവർത്തനങ്ങൾക്കായി മിഷനറി നിയമിച്ചു. 1847-ൽ ആ സുവിശേഷകന് ഒരു മകൻ ജനിച്ചു. മൂന്നു മാസം പ്രായമായ ശിശുവുമായി മാതാപിതാക്കൾ ജോൺ കോക്സിന്റെ അടുക്കൽ പ്രാർത്ഥിക്കുവാൻ വന്നു. കുഞ്ഞിനെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചപ്പോൾ മിഷനറി ഇട്ട പേരാണ് മോശ. മറ്റൊരു മിഷനറി ശമുവേൽ മെറ്റീർ കുടുംബപേരു കൂടെ ചേർത്ത് മോശവത്സലം എന്നുവിളിച്ചു.

സെമിനാരി വിദ്യാഭ്യാസത്തിന് ശേഷം അദ്ധ്യാപകനായിത്തീർന്നപ്പോൾ സംഗീതവും, ഫിഡിൽ വായനയും അഭ്യസിച്ചു. ചിത്രരചനയ്ക്കും ഗാനരചനയ്ക്കും പ്രസിദ്ധനായും തീർന്നു. ആ കാലത്ത് സുറിയാനി മെത്രാൻ മാർഡയനീഷ്യസ് മോശ വത്സലത്തിന്റെ സംഗീതം ആലപ്പുഴ വച്ച് ആസ്വദിച്ചതിനാൽ അദ്ദേഹത്തിന് ശാസ്ത്രികൾ എന്ന സ്ഥാനപ്പേര് നൽകി ആദരിച്ചു. അങ്ങനെ മോശ വത്സല ശാസ്ത്രികൾ എന്ന നാമം പൂർത്തിയായി.

10-ാം വയസ്സിൽ സംസ്കൃത പഠനം ആരംഭിച്ച് മൂന്നുവർഷം കൊണ്ട് സംസ്കൃതത്തിന്റെ എല്ലാ മേഖലകളിലും ഹൃദിസ്ഥമാക്കി. ഇംഗ്ലീഷ് ഭാഷയും അനായാസം കരസ്ഥമാക്കി. നാഗർ കോവിലിലെ വൈദീക സെമിനാരി പഠനവും പൂർത്തിയാക്കീട്ടു ജീവകാലം മുഴുവൻ സുവിശേഷകനായിരിപ്പാൻ തീരുമാനിച്ചു.

തിരുവനന്തപുരം നെല്ലിക്കാകുഴിയിൽ മനവേലി കുടുംബത്തിൽ പിറന്ന റാഹേലിന്റെ വിനയസ്വഭാവം മോശയെ ആകർഷിച്ചു. 1868-ൽ 21-ാം വയസ്സിൽ സമാധാനമുള്ള ഒരു കുടുംബജീവിതം നൽകണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് റാഹേലിനെ വിവാഹം കഴിച്ചു.

1872-ൽ ഒന്നാമത്തെ ക്രൈസ്തവ ഗാനം രചിച്ചത് രസകരമായ ഒരു സംഭവത്തോടുകൂടിയാണ്. തഞ്ചാവൂർ വേദനായക ശാസ്ത്രിയാരുടെ മകൻ തിരുവനന്തപുരം എൽ.എം.എസ് സഭയിൽ സംഗീത ശുശ്രൂഷ നടത്തി. മൂന്ന് സംഗീതോപകരണങ്ങൾ ഉപയോഗിച്ച് ഗാനം ആലപിക്കുന്നത് ആശ്ചര്യമായി വീക്ഷിച്ച ഈ ബുദ്ധിശാലി ഉടൻ ശാസ്ത്രിയെ സമീപിച്ച് പാട്ടുപഠിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. സാധ്യമല്ലെന്ന നിരുത്സാഹപരമായ മറുപടിയിൽ നിരാശനാകാതെ ഉടൻ പ്രാർത്ഥനയോടെ കർണ്ണാടക രാഗത്തിൽ ഒരു ഗാനം രചിച്ചു. സദസ്സിൽ മധുരമായി പാടി കേൾപ്പിച്ചു. കേഴ്വിക്കാർ ആവർത്തിച്ചാവർത്തിച്ച് പാടിയത് കണ്ടപ്പോൾ ലജ്ജയോടെ തമിഴ് ശാസ്ത്രി അഭിനന്ദിച്ചു.

പിശാചുക്കൾ മനുഷ്യനിൽ ബാധിച്ച് കഷ്ടപ്പെടുന്നതിൽ നിന്നും മോചനം നേടാൻ വൻ വൃക്ഷങ്ങളുടെ കീഴിൽ ഉയർന്ന പീഠങ്ങൾ ഉണ്ടാക്കി ആട്, കോഴി മുതലായവയെ ദേവതകൾക്ക് ബലികഴിക്കുന്ന അനാചാരത്തിനെ തിരെ മോശവത്സലം ശക്തമായി പ്രതികരിച്ചു. തൽ ഫലമായി അനേകർ അന്ധവിശ്വാസം വിട്ട് ദൈവസന്നിധി യിലേക്ക് വന്നു.

1891-92 കാലങ്ങളിൽ സന്തോഷകരമായി സഭാസേവനം ചെയ്തുകൊണ്ടിരുന്നു. പത്തുമക്കളിൽ ഇളയവനായ മകൻ പാമ്പുകടിയേറ്റ് ആകസ്മികമായി മരിച്ചു. നിനച്ചിരിക്കാത്ത സമയത്ത് വന്നുഭവിച്ച ദുഃഖകരമായ ആ സംഭവത്തിൽ തളർന്നുപോയ മോശവത്സലം ദൈവത്തോട് സ്നേഹനിധിയായ അങ്ങ് ഇങ്ങനെ ചെയ്തത്. ''എന്ത്'' എന്ന് ചോദിച്ചു. ചിന്തകൾ അതിരുകടന്നു. ഒടുവിൽ ഒരു നിഗമനത്തിലെത്തുവാൻ ദൈവാത്മാവ് പ്രവർത്തിച്ചതിനാൽ അദ്ദേഹം നിറഞ്ഞൊഴുകുന്ന കണ്ണുകളോടും, കലങ്ങിയ ഹൃദയപശ്ചാത്തലത്തിലും പ്രത്യാശയോടെ എഴുതിയ സമർപ്പണ ഗീതമാണിത്.

''നിന്റെ ഹിതം പോലെയെന്നെ നിത്യം നടത്തീടേണമേ
എന്റെ ഹിതംപോലെയല്ലേ എൻ പിതാവേ എൻ യഹോവേ....''

ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളും, നിത്യതയും പാപികളായ മനുഷ്യരും, രക്ഷിക്കപ്പെട്ടവരുടെ ജീവിത ഭാഗ്യ ങ്ങളും എല്ലാം പശ്ചാത്തലമായി സ്വീകരിച്ച് രചിച്ച ഗാനങ്ങളാണധികവും.

വിശ്രമരഹിതമായി പ്രേഷിത വൃത്തിയിലായിരുന്ന മോശവത്സലത്തിന് സ്കോട്ട്ലണ്ടുകാരി ഒരു മിഷനറി വനിത ഒരു വാഹനം വാങ്ങുവാനും, അതിൽ സഞ്ചരിച്ച് പ്രവർത്തിപ്പാനും പ്രോത്സാഹാപ്പിച്ചു. അന്നത്തെ വാഹനമായ ഒരു കാളവണ്ടി വാങ്ങി നീല പെയിന്റടിച്ച് വാക്യങ്ങൾ ഇരുവശങ്ങളിലും എഴുതിയിരിക്കുന്നു. ''കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ മനുഷ്യപുത്രൻ വന്നു'' എന്ന് ഇരുപുറവും എഴുതിയ ഒരു കൊടി വണ്ടിയുടെ മുകളിൽ കെട്ടിയിരിക്കുന്നു. ജനങ്ങൾ സുവിശേഷ വണ്ടി എന്നു വിളിക്കത്തക്കവിധം ബൈബിളും, സുവിശേഷ ലഘുലേഖകളും വിതരണം ചെയ്യുകയും ആകർഷകങ്ങളായ ഗാനങ്ങൾ ആലപി ക്കുകയും ചെയ്തിരുന്നു.

1913-ൽ വലതുവശം തളർന്ന് രോഗക്കിടക്കയിൽ ആയി. വാതരോഗത്താൽ സ്വന്തം കൈകൊണ്ട് എഴുതാൻ സാധിക്കാതെ ആയപ്പോൾ പറഞ്ഞുകൊടുത്ത് എഴുതിക്കുമ്പോഴും ദൈവത്തിലുള്ള വിശ്വാസം കുറഞ്ഞില്ല. പ്രസിദ്ധമായ പല ഇംഗ്ലീഷ് ഗാനങ്ങളും വിവർത്തനം ചെയ്തിട്ടുള്ളത് മോശവത്സലം ശാസ്ത്രികളാണ്.

''യേശു എന്നാത്മ സഖേ നിൻ മാർവ്വിൽ...''

''യേശുവേ ആ നാമം എത്ര മധുരം....''

''എനിക്കായ് പിളർന്നു പാറ.....''

ആശിശമാരി ഉണ്ടാകും.....''

മുതലായവ വിവർത്തനം ചെയ്ത ഗാനങ്ങളിൽപ്പെട്ടവയാണ്.

1916 ഫെബ്രുവരി മാസം 20-ാം തീയതി ഞായറാഴ്ച രാവിലെ ആ മഹാനുഭവന്റെ മണ്ണാകുന്ന ശരീരം മണ്ണിലേക്ക് ചേരുവാൻ മരണത്താൽ മാറ്റപ്പെട്ടു.

## ബൈബിൾ ക്വിസ് മെയ് 2016

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം ഐ.പി.സി. ഹെബ്രോൻ ചർച്ച്, പന്തളം, രണ്ടാം സമ്മാനം: പാസ്റ്റർ സി. ജോണും കുടുംബവും, ന്യൂഡൽഹി**

**മെയ് 2016 ലെ വേദഭാഗം: യെസക്കിയേൽ അദ്ധ്യായം 1 മുതൽ 10 വരെ**

1. വായിൽ തേൻപോലെ മധുരമായിരുന്നത് എന്ത്?
2. അണ്ണാക്കോട് പറ്റുമാറാക്കുന്നത് എന്ത്?
3. അപ്പം എന്ന കോൽ ഒടിച്ചുകളയുന്നത് എവിടെ?
4. വാൾകൊണ്ട് വീഴുന്നത് ആര്?
5. ബലീപീഠങ്ങളുടെ ചുറ്റും ചിതറുന്നത് എന്ത്?
6. ഡംഭത്തിനായി ഉപയോഗിച്ചത് എന്ത്?
7. ചുവർ കുത്തിതുരന്നപ്പോൾ കണ്ടത് എന്ത്?
8. മൂക്കിന് തൊടുവിക്കുന്നത് എന്ത്?
9. ആരുടെ നെറ്റിയിലാണ് അടയാളമിടുവാൻ കൽപിച്ചത്?
10. യഹോവയുടെ മഹത്വത്തിന്റെ ശോഭ നിറഞ്ഞ സ്ഥലം ഏത്?

• **2016 ഏപ്രിൽ മാസത്തിലെ ശരിയുത്തരങ്ങൾ** (വിലാപങ്ങൾ)

1. സീയോൻ പുത്രിയുടെ മൂപ്പന്മാർ (2:10), 2. കല്ല് (3:16), 3. സൗന്ദര്യപൂർത്തി (2:15), 4. യഹോവയുടെ രക്ഷയ്ക്കായി (3:26), 5. ധൂമവസ്ത്രം ധരിച്ചു വളർന്നവൻ (4:5), 6. ഏദോം പുത്രി (4:21), 7. വാൾ (1:20), 8. ജാതികൾ (1:10), 9. യൗവനക്കാർ (5:13), 10. കണ്ണ് (3:30)

• **നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചത്:**

*ഒന്നാം സമ്മാനം* – Rani Baby,Viliya Veettil Kizhakkethil, Pathiyoor

*രണ്ടാം സമ്മാനം* – Robert George, Vithunkal House, Payppadu P.O, Changanassery, Kotttayam

• **ശരി ഉത്തരം അയച്ചവർ**

1). Leelamma Saji, P.M.G. Church Nariyapuram. 2). Molly Rajan, IPC Peniel Center, Kidangannoor. 3). Betty Rajan, AG. Church, Pathanapuram. 4). Praisy Sajan, IPC Bethel Hall, Alappuha. 5). Shyni Udayakumar, Kakkanadu, Ernakulam. 6). Varghese Thomas, Plakkadupil House, Kasargod. 7). Sheena Nelson, Sheena Bhavan, Uriyakkodu. 8). Jose George, Kanjiratthinkalayil, Pannimattom P.O. 10). - Robert George, Vithunkal House, Payppadu P.O, Changanassery, Kotttayam.11). Rani Baby,Viliya Veettil Kizhakkethil , Pathiyoor. 12). Pankajakshan Nair, Sobhalayam, Paarippally. 13) Shyni J. L, Chempuru, Ottashekharamangalam.

**നിബന്ധനകൾ**

1. എല്ലാ മാസവും 25-ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

## ടീനേജ് സെമിനാർ നടത്തി

സ്വന്തം ലേഖകൻ

ഫുജൈറ: ഇമ്മാനുവൽ മാർത്തോമ്മാ യുവജനസഖ്യത്തിന്റെയും സൺഡേസ്കൂളിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ടീനേജ് സെമിനാർ നടത്തി. പള്ളിവികാരി റവ.ടി.എസ്. തോമസ് അദ്ധ്യക്ഷത വഹിച്ചു. 'കൗമാരപ്രശ്നങ്ങളും പ്രതിവിധികളും' എന്ന വിഷയത്തിൽ മനഃശാസ്ത്ര വിദഗ്ദ്ധനും, കൗൺസിലറുമായ ഡോ.തോമസ് ഇ.തോമസ് (യു.എസ്.എ) ക്ലാസ് എടുത്തു. 'കുറച്ചു പഠിക്കൂ, സ്മാർട്ട് ആയി പഠിക്കൂ' എന്ന വിഷയത്തിൽ അധ്യാപകനും എഴുത്തുകാരനുമായ ഡഗ്ലസ് ജോസഫ് ക്ലാസ് എടുത്തു. യു.എ.ഇ കിഴക്കൻ തീരമേഖയിൽ നിന്നുള്ള നൂറുകണക്കിനു കൗമാരക്കാരും മാതാപിതാക്കളും പങ്കെടുത്തു. പഠനഭാരം, ഹൈപ്പർ ആക്റ്റിവിറ്റി, ലക്ഷ്യബോധമില്ലായ്മ, മാനസികസമ്മർദ്ദങ്ങൾ, ഇന്റർനെറ്റ്, സോഷ്യൽമീഡിയ അഡിക്ഷൻ തുടങ്ങിയവ കൗമാരക്കാരെ ബാധിക്കുന്നതായും മനഃശാസ്ത്രവിദഗഗ്ദ്ധരും, അദ്ധ്യാപകരും, മാതാപിതാക്കളും കൂട്ടായി പ്രശ്നപരിഹാരത്തിനു ശ്രമിക്കണമെന്നും വിദഗ്ദ്ധർ സെമിനാറിൽ നിർദ്ദേശിച്ചു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ മനേഷ് ജോൺ, യുവജനസഖ്യം സെക്രട്ടറി ജോഷി പി.വർഗീസ് എന്നിവർ നേതൃത്വം നൽകി.



## റാഫാ റേഡിയോ ക്രിസ്തീയ സംഗീത പ്രക്ഷേപണ രംഗത്ത്

ദുബായ്: പഴയതും പുതിയതുമായ ക്രിസ്തീയ ഗാനങ്ങളുടെ വമ്പൻ ശേഖരവുമായ് സംഗീത പ്രേമികൾക്ക് ആസ്വാദന മികവേകാൻ റാഫാ റേഡിയോ മെയ് 1 ന് റിലീസ് ചെയ്യുന്നു. ലോകമെമ്പാടും ലഭ്യമാകുന്ന ഈ റേഡിയോയിൽ കൂടി ശ്രോതാക്കൾക്ക് ഹൈക്വാളിറ്റി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ സി.ഡി.ക്വാളിറ്റി ഔറ്റ്പുട്ടിലായിരിക്കും ഗാനങ്ങൾ ശ്രവിക്കുവാൻ സാധിക്കുകയെന്ന് അണിയറ പ്രവർത്തകർ അറിയിച്ചു. കൂടാതെ ആപ്പിൾ, ആൻഡ്രോയിഡ് സ്റ്റോറുകളിൽ നിന്നും സൗജന്യമായി റാഫാ റേഡിയോ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഗാനങ്ങൾ ശ്രവിക്കുവാൻ ഉള്ള സൗകര്യവും ഉണ്ടായിരിക്കും.

ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന റേഡിയോയിൽ പ്രമുഖ സംഗീതജ്ഞരുമായ് സഹകരിച്ച് വിവിധ ഭാഷകളിലുള്ള ഗാനങ്ങൾ പ്രക്ഷേപണം ചെയ്യുന്നതുമാണ്. കൂടാതെ ശ്രോതാക്കൾക്ക് തങ്ങളുടെ പ്രിയ ഗാന ങ്ങൾ ആവശ്യപ്പെടുവാനുമുള്ള സംവിധാനവും ഉണ്ട്.

ക്രിസ്തീയ സംഗീത പ്രോഗ്രാം, സംഗീത ആൽബങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ മീഡിയ പാർട്ണർ ആയും റാഫാ റേഡിയോയുടെ സേവനങ്ങൾ ലഭിക്കുന്നതായിരിക്കും. വിവിധ ക്രൈസ്തവ മാധ്യമങ്ങളുടെയും സംഗീത സംവിധായകരുടെയും, ഗാനരചയിതാക്കളുടെയും, ഗായകരുടെയും ആശിർവാദത്തോടും അനുവാദത്തോടും പ്രവർത്തനമാരംഭിക്കുന്ന ഈ സംരംഭം ക്രിസ്തീയ റേഡിയോ പ്രക്ഷേപണ രംഗത്ത് പുത്തൻ അധ്യായം രചിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. ക്രൈസ്തവ എഴുത്തുപുര മീഡിയ ഇന്റർനാഷണലിന്റെ സഹോദര സ്ഥാപനവും ഔദ്യോഗിക റേഡിയോയുമാണ് റാഫാ റേഡിയോ. റേഡിയോ വെബ്സൈറ്റ്/ഫേസ് ബുക്ക് പേജ് സന്ദർശിക്കുക.

www.RAFARADIO.COM/https://www.facebook.com/radiorafa/

LANDWAY
Bringing You Closer to God

# LANDWAY NEWS

Published From Pathanamthitta
Volume No. 2, Issue No.5 | Pages 8 | Price: Rs. 10/-

10 MAY 2016

Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
www.landwaynews.com

RNI-KERBIL/2015/62054.
Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/05/2016

# മത്സരവെടിക്കെട്ട് കേരളത്തെ ദുഃഖത്തിലാഴ്ത്തി

**ഗവൺമെന്റ് നിർബന്ധമായും വെടിക്കെട്ട് പ്രയോഗം പള്ളികളിലും, അമ്പലങ്ങളിലും പൂർണ്ണമായി ഉപേക്ഷിച്ചു കൊണ്ടു നിയമം നിലനിറുത്തുകയും സാധുജനത്തെ അധികാരികൾ സംരക്ഷിക്കുകയും ചെയ്യണം.**

**സന്തോഷ് പന്തളം**

കൊല്ലം: പുറ്റിങ്ങൽ ക്ഷേത്ര ഉത്സവത്തോടുള്ള ബന്ധത്തിൽ നടത്തപ്പെട്ട മത്സരവെടിക്കെട്ട് പലരുടെയും ജീവൻ അപഹരിക്കുകയും നാശം വിതയ്ക്കുകയും ചെയ്ത് കേരളാ ജനതയെ ദുഃഖത്തിലാഴ്ത്തി. രാത്രി 11.30-ന് തുടങ്ങിയ വെടിക്കെട്ട് കാണികളെ സന്തോഷിപ്പിച്ചു കൊണ്ടിരുന്നുവെങ്കിലും 3.30-ന് ദേശത്തെ ഞെരുപിരിയിൽ കൊണ്ടെത്തിച്ചു. കരിപുക പല ഭവനങ്ങളിലും കരിന്തീ കത്തിച്ച് പലർക്കും ബന്ധുമിത്രാദി കളും വേണ്ടപ്പെട്ടവരും എന്നന്നേക്കുമായി നഷ്ടമായി.

മത്സരവെടിക്കെട്ടിന്റെ തുടക്കം മണിക്കൂറുകൾ താണ്ടി കാണികളെ സന്തോഷിപ്പിച്ചു കൊണ്ടിരുന്നപ്പോൾ തന്നെ വെളുപ്പിനെ 3.30ന് കൂട്ടനിലവിളി ഉയർന്നു. എന്ത് സംഭവിച്ചുവെന്ന് ആർക്കും തിരിച്ചറിയാൻ കഴിയാത്ത നിലയിൽ വേദനയുടെ കരച്ചിലുകൾ അകലെ കേൾക്കാൻ കഴിഞ്ഞുവെന്ന് ദൃസാക്ഷികൾ ഞങ്ങളുമായി പങ്കുവെച്ചു. ഇത്ര ഭയങ്കരമായ വെടിക്കെട്ട് അപകടം കേരളത്തിൽ ആദ്യമായിട്ട് സംഭവിച്ചതെന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല. ഇതിന് മുമ്പും കേരളത്തിന്റെ വിവിധ കോണുകളിൽ ചെറുതും വലുതുമായ വെടിക്കെട്ട് അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. പക്ഷേ ഇത്ര ഭീകരമായ സംഭവം പുറ്റിങ്ങളിലെതാണ് എന്നത് തള്ളികളയാൻ പറ്റാത്ത വിഷയം തന്നെയാണ്. മുൻകാലങ്ങളിൽ ഇതുപോലുള്ള വിഷയത്തോടുള്ള ബന്ധത്തിൽ അധികാരികൾ കേസെടു ത്തിട്ടുണ്ടെങ്കിലും പിന്നീടുള്ള ഒരു വിഷയവും പുറത്ത് വന്നിട്ടുമില്ല.

ഇപ്പോഴും മരിച്ചവരുടെയും കാണാതായവരുടെയും യഥാർത്ഥ സംഖ്യ വ്യക്തമല്ല. ഏറെക്കുറെ കണക്കുകൾ മാധ്യമപ്രവർത്തകരായ ഞങ്ങൾ വെളിപ്പെടുത്തുന്നു എന്നതല്ലാതെ യഥാർത്ഥ സ്ഥിതി ഇപ്പോഴും അവ്യക്ത മാണ്. തിരിച്ചറിയാൻ പറ്റാത്ത ശവശരീരങ്ങൾ ഇതിലും ബാക്കി. അധികാരികളുടെ അനുമതിയില്ലാതെ തന്നെയാണ് ഈ വെടികെട്ടിന് ഉത്സവകമ്മറ്റിക്കാർ തുടക്കം കുറിച്ചത്. അനുമതി ഇല്ലായെങ്കിലും അനുമതി ഉണ്ട് എന്നു ജനത്തെ തെറ്റിദ്ധരിപ്പിച്ച് വെടിക്കെട്ടിന് തുടക്കം കുറിച്ചു. വെടിക്കെട്ടുകാരന്റെ ലൈസൻസ് ചില മാസങ്ങൾക്കു മുമ്പ് കാലാവധി തീർന്നിട്ടും ഉത്സവകമ്മറ്റിയെ അയാൾ മനപ്പൂർവ്വം തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു എന്നത് കരുതികൂട്ടിയുള്ള നരഹത്യ തന്നെയാണ്. ഇതിനെ ഒരിക്കലും അനുകൂലിക്കാൻ സാധ്യമല്ല. ജനത്തെ നേർപാതകളിൽ നടത്തുവാൻ ആരാധനാലയങ്ങൾ നമുക്ക് ഉണ്ട് എങ്കിലും ഭക്തജനങ്ങൾക്ക് സംഭവിക്കുന്ന വലിയ വിപത്തുകൾ നിരവധി എന്ന് നാം മറന്നു പോകരുത്. എന്ത് സംഭവിച്ചാലും എത്രപേർ മരിച്ചാലും അതിന്റെ ദുഃഖം ചില ദിവസങ്ങൾ മാത്രം. അതാണല്ലോ കേരളത്തിന്റെ ഗുണം. പക്ഷേ, കേരളാ സംസ്ഥാന ത്തിൽ രാഷ്ട്രീയക്കാർ എല്ലാറ്റിനെയും മാറ്റിമറിച്ചു പുതിയ സംഭവങ്ങളിലേക്ക് ജനത്തെ തന്ത്രപരമായി ആനയിക്കും. അപ്പോൾ പുറ്റിങ്ങൾ വെടിക്കെട്ടും, കുടശ്ശനാട് വെടിക്കെട്ടും, മലനട വെടിക്കെട്ടും, തൃശൂർ വെടിക്കെട്ടും വെള്ളത്തിൽ വരച്ച വരപോലെ മാത്രം. തേഞ്ഞുമാഞ്ഞ് എന്നന്നേക്കുമായി മാറികഴിയും.

കേരളാ ഗവൺമെന്റ് നിർബന്ധമായും വെടിക്കെട്ട് പ്രയോഗം പള്ളികളിലും, അമ്പലങ്ങളിലും പൂർണ്ണമായി ഉപേക്ഷിച്ചു കൊണ്ടു നിയമം നിലനിറുത്തുകയും സാധുജനത്തെ അധികാരികൾ സംരക്ഷിക്കുകയും ചെയ്യണം. ആന എഴുന്നള്ളത്തും, ആന പരിപാടികളും ആൾക്കാർ കൂട്ടം കൂടുന്ന സ്ഥലത്ത് നിന്നും ഒഴിവാക്കുകയും അപകടങ്ങൾ മുൻകൂട്ടി നിർമൂലമാക്കുകയും ചെയ്യണം. കഴിഞ്ഞ ദിവസം തൃശൂരിൽ ആന മനുഷ്യരെ കൊന്നതും ആനപ്പാപ്പാന്മാരെ കറുകച്ചാലിൽ വച്ചു കുത്തിക്കൊന്നതും, പന്തളത്തിനടുത്ത് മാമ്പിലാലിയിൽ ആന ഇടഞ്ഞു ജനങ്ങളെ പരിഭ്രാന്തിയിലാഴ്ത്തിയതും ജനം മറന്നു പോയിട്ടില്ല. എന്തൊക്കെ പറഞ്ഞാലും അധികാരികൾക്ക് പൊതുജനത്തെ സംരക്ഷിക്കുവാൻ സമയമില്ല. രാഷ്ട്രീയ മുതലെടുപ്പും ഓട്ടുപിടിത്തവും മാത്രമാണ് നമ്മുടെ സ്ഥാനാർത്ഥികൾക്കും അധികാരികൾക്കും വേണ്ടത് എന്ന നിലയിൽ കേരളം എത്തിച്ചേർന്നു എന്നത് കഷ്ടമായ നിലവാരമായി പോകുന്നു.

കൊല്ലത്ത് പുറ്റിങ്ങൾ അമ്പലത്തിലെ അപകടസ്ഥലം എല്ലാ അധികാരികളും സന്ദർശിച്ചതുപോലെ ലാന്റ്വേ ന്യൂസിന്റെ ചുമതലപ്പെട്ടവരും, റിപ്പോർട്ടേഴ്സും കടന്നുചെന്ന് സന്ദർശിക്കുകയും അർഹതപ്പെട്ടവർക്ക് വേണ്ട തായ സഹായങ്ങൾ ചെയ്യുകയും ആശുപത്രിയിൽ സന്ദർശിക്കുകയും പ്രാഥമിക വിഷയങ്ങൾക്ക് ചുമതല കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തെ മതത്തിന്റേതായിട്ട് ആരും ചിത്രീകരിക്കാതെ സ്വന്ത സഹോദരങ്ങളാണ് മരിച്ചതെന്ന് കരുതി നാം ഒറ്റക്കെട്ടായി നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുകയും, സഹകരിക്കുകയും ചെയ്യേണം. വരും സമയങ്ങളിലെങ്കിലും ഇതുപോലുള്ള അപകടങ്ങൾ ഒഴിവാക്കാൻ ജാതിമതം വെടിഞ്ഞു കൈകോർക്കാം. മുൻകരുതലുകൾക്കായി അധികാരികളുമായി ചിന്തിച്ച് നമുക്ക് കേരളത്തെ സംരക്ഷിച്ചു കുടുംബങ്ങളെ അനാഥത്വത്തിൽ നിന്നും കൈകോർക്കാൻ ഒരുമയോടെ പ്രവർത്തിക്കാം.

## വിക്ലിഫ് ബൈബിൾ പരിഭാഷകൻ കൊല്ലപ്പെട്ടു

മിഡിൽ ഈസ്റ്റ്: മിഡിൽ ഈസ്റ്റിൽ വിക്ലിഫ് ബൈബിൾ ട്രാൻസ്ലേഷൻ ഓഫീസിൽ ഇരച്ച് കയറിയ പട്ടാളക്കാർ നിറയൊഴിച്ചതിനെ തുടർന്ന് ആദ്യം രണ്ട് പേരും, പിന്നീട് രണ്ട് പേരും കൊല്ലപ്പെട്ടതായി റിപ്പോർട്ട്. തുടർന്ന് ഓഫീസിലെ സാധനസാമഗ്രകികൾ തകർക്കുകയും അഗ്നിക്ക് ഇരയാക്കുകയും ചെയ്തു.

എന്നാൽ ഈ ഭീഷണിയിൽ മനംതകരാത്ത അവശേഷിക്കുന്ന ടീം അംഗങ്ങൾ ഓഫീസ് പുനർനിർമ്മിച്ച് എട്ടോളം പ്രാദേശിക ഭാഷയിൽ തുടങ്ങിവച്ച ബൈബിൾ ഭാഷാന്തരം പൂർത്തീകരിക്കുമെന്നും പറഞ്ഞു.

ആഗോള വ്യാപകമായ് ബൈബിൾ വിവിധ പ്രാദേശിക ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യുന്ന പ്രസ്ഥാനമാണ് വിക്ലിഫ് ബൈബിൾ ട്രാൻസ്ലേഷൻ.

*With best compliments from*

DIVINE TRAVELS

102, New four story, Vishal Enclave, Opp- Rajouri Garden Police Station, Tagore Garden, New Delhi-110027
Ph: 011-25195343/09810863352/09810485352/09910045352,
Email: csanju1975@yahoo.co.in, aaronsanju@gmail.com

AIR TICKTES ( DOMESTIC & INTERNATIONAL (24HRS SERVICE)
PASSPORT (FRESH & RENEWAL)
VISA ASSISTANCE
TRAIN TICKETS BOOKING
CURRANCY CHANGER ( DOLLAR SALE/ PURCHASE ON AMERICAN EXPRESS BANK RATES)



ട്രെയിൻ, വിമാന, ടിക്കറ്റുകൾ ബുക്ക്ചെയ്യുന്നതിനും,
പുതിയ പാസ്പ്പോർട്ട് എടുക്കുന്നതിനും,
പഴയ പാസ്പ്പോർട്ട് പുതുക്കുന്നതിനും,
വിസാ സംബന്ധമായ കാര്യങ്ങൾക്കും സമീപിക്കുക.

HARVEST
INTERNATIONAL CHURCH

Partnering with City Reach.
Philadelphia PA USA

*Worships in Indian languages and English Service*

Worship Timings:
SUNDAY MEETING: 11.00 AM TO 1.00 PM
COTTAGE MEETINGS: TUESDAY & FRIDAY 6.30PM - 8.00PM

Come and worship with us

Address:
808 Redlion Rd, Philadelphia PA 19115
Pastor Mathew James
Cell : +1 267 400 6334
Email: harvestphil@gmail.com

### ലാൻഡ്വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

സുവിശേഷം പറയുവാൻ ഞങ്ങൾ തയ്യാർ!

ഗ്രെയ്സ് മിനിസ്ട്രി എന്ന നാമകരണത്തിൽ എല്ലാ ആഴ്ചകളിലും 50 ൽ പരം ദൈവദാസന്മാരും ദൈവമക്കളും വെള്ളവസ്ത്രം ധരിച്ചു കൊണ്ട് സഭാവ്യത്യാസമില്ലാതെ കേരളത്തിന്റെ തെരുവ് കോണുകളിലും ഗ്രാമപ്രദേശങ്ങളിലും സ്വമേധയാ സുവിശേഷപ്രവർത്തനം നടത്തിവരുന്നു. നിങ്ങളുടെ സഭയിലോ ദേശത്തിലോ സുവിശേഷം ഞങ്ങൾ അറിയിക്കണമെങ്കിൽ ഞങ്ങൾ അതിന് തയ്യാർ.
ദയവായി ബന്ധപ്പെടുക:

പൊന്നായ്മറ്റം കുഞ്ഞുമോൻ,
പുത്തൻ കണ്ടത്തിൽ, എസ്.എൻ.പുരം പി. ഒ.,
പാമ്പാടി, കോട്ടയം ജില്ല,
ഫോൺ: 9446923615

*Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.*